കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഓഡിറ്റ് റിപ്പോർട്ട്
വെട്ടം ഗ്രാമ പഞ്ചായത്ത്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: www.dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.17/19/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.06-02-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

വെട്ടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെട്ടം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.17/19/2017 തിയ്യതി 06-02-2017

<u>മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05-06-2015 മുതൽ 04-12-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 05.06.2015 മുതൽ 04.12.2016 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ.എസ് ഷാജഹാൻ ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 05-12-2016 മുതൽ 19-12-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ ദിനേശൻ. എം | ഓഡിററ് ഓഫീസർ |
| 2 | ശ്രീ റിഷിൽ. പി | അസി. ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ അനീത് ബാബു.കെ.ടി | ഓഡിററർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. പി.സൈനുദ്ദീൻ | 01-04-2015 മുതൽ 31-1-2016വരെ |
| ശ്രീമതി. പി.വി.മെഹറുന്നീസ | 1-2-2016മുതൽ 31-03-2016വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.ശശികുമാർ.കെ | 01.04.2015 മുതൽ 13.04.15 വരെ |
| ശ്രീ.അബ്ദുസലീം.ടി.(അസി.സെക്രട്ടറി),സെക്രട്ടറി ഇൻ ചാർജ് | 14.04.2015 മുതൽ 12.07.15 വരെ |
| ശ്രീ.ശശികുമാർ.കെ | 13.07.2015 മുതൽ 22.07.15 വരെ |

| | |
|---|---|
| ശ്രീ.അബ്ദുസലീം.ടി.(അസി.സെക്രട്ടറി),സെക്രട്ടറി ഇൻ ചാർജ് | 23.07.2015 മുതൽ 29.07.15 വരെ |
| ശ്രീ.ജയരാജൻ.പി. | 30.07.2015 മുതൽ 31.03.16 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അബ്ദുസലീം.ടി | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.ടി.ടി.തോമസ് | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.എൻജിനിയർ | ശ്രീ.അജയകുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.മുജീബ്റഹ്മാൻ.പി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.രാജേഷ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ.ശിവദാസ്.പി.ആർ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.ഹരീന്ദ്രൻ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.പി.സൗമ്യ മുരളീധരൻ | 01.04.2015 മുതൽ 31.03.2016 വരെ |
| വി. ഇ. ഒ | ശ്രീ.മനാസ് രാജ്.ആർ.എസ് | 01.04.2015 മുതൽ 08.09.2015 വരെ |
| | ശ്രീ.ലൈജുമോൻ | 09.09.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സൈനബ.കെ.ടി. | 01.04.2015 മുതൽ 16.08.2015 വരെ |
| | ശ്രീമതി.രമ | 17.08.2015 മുതൽ 27.12.2015 വരെ |
| | ശ്രീമതി.ദാക്ഷായണി | 28.12.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |

| | | | |
|---|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | ഡി&ഒ ലൈസൻസ് ഫീസ് പിരിവ്-അപാകതകൾ | 2-1 | |
| 13 | മരുന്നുകൾ മുഴുവനായും ലഭ്യമാക്കിയില്ല | 2-2 | |
| 14 | ജാമ്യ നിക്ഷേപങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല - ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട പണം നഷ്ടപ്പെടുന്നു | 2-3 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 15 | കുടുംബശ്രീ വനിതാ സ്വയം തൊഴിൽ സംരംഭം - വായ്പ ലഭ്യമാക്കാത്ത യൂണിറ്റുകൾക്ക് സബ്സിഡി നൽകിയത് അനുവദിക്കുന്നില്ല. | 3-1 | |
| 16 | തെരുവ് വിളക്ക് സമ്പൂർണ്ണ അറ്റകുറ്റ പണി – അപാകതകൾ | 3-2 | |
| 17 | ഇല്ലത്തപ്പടി അംഗൻവാടി പൂർത്തീകരണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-3 | |
| 18 | കോതപ്പറമ്പ് കുടിവെള്ള പദ്ധതി - ഗുണഭോക്തൃ സമിതി മാനദണ്ഡങ്ങൾ പാലിച്ചില്ല | 3-4 | |
| 19 | പദ്ധതി ചെലവ് - ചെലവ് രേഖകൾ ലഭ്യമല്ല-37,51,930രൂപ തടസ്സം ചെയ്യുന്നു | 3-5 | |
| 20 | എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3-6 | |
| 21 | കുടുബശ്രീ/മീഡിയാശ്രീ പദ്ധതി - ഡോക്യുമെന്ററി തയ്യാറായിട്ടില്ല | 3-7 | |
| 22 | പത്താം തരം തുല്യത കോഴ്സ് പരിക്ഷ – രേഖകൾ ലഭ്യമല്ല | 3-8 | |
| 23 | മരുന്നുകൾ മുഴുവനായും ലഭ്യമാക്കിയില്ല | 3-9 | |
| 24 | അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ - ടെണ്ടർ ക്ഷണിച്ചില്ല | 3-10 | |
| 25 | തീണ്ടാപ്പടി കുടിവെള്ള പദ്ധതി - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-11 | |
| 26 | പ്രതീക്ഷ പദ്ധതി - അധിക നിരക്കിൽ ഹോണറേറിയം നൽകിയതും മറ്റ് അപാകതകളും | 3-12 | |
| 27 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിലെ അപാകതകൾ | 3-13 | |
| 28 | അംഗനവാടി പൂരക പോഷകാഹാരം - ഭക്ഷ്യ ധാന്യങ്ങൾക്ക് അധിക വില നൽകി | 3-14 | |
| 29 | ആശ്രയ പദ്ധതി -പൊതു അവലോകനം | 3-15 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 41 | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.3.2015 തിയതിയിലെ 1ാം.നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി

സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 26.7.2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 08.12.16 -09.12.16 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

വാർഷികകണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ

1. വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയിട്ടില്ല.

3. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ബാല്ൻസ്ഷീറ്റ് പ്രകാരം ക്ലോസിംഗ് സ്റ്റോക്ക്-സ്റ്റോർ 34420 രൂപ.

4. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിനു മുമ്പ് ആർജ്ജിച്ച സ്ഥാവര ജംഗമ ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ജയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.

7. തൊഴിൽ നികുതി വാർഷിക കണക്കുപ്രകാരമുള്ള കളക്ഷൻ, ഡിമാന്റ് രജിസ്റ്റർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് | ഡിമാന്റ് രജിസ്റ്റർ | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി (എംപ്ലോയീസ്) | 995290 | 994930 | 360 |
| തൊഴിൽ നികുതി (ട്രേഡേഴ്സ്) | 106530 | 107610 | 1080 |

8. വാർഷിക കണക്കിൽ Advance Collection ഇനത്തിൽ വരവുണ്ട്. എന്നാൽ D&O Licence Fee ഇനത്തിൽ മുൻകൂറായി ലഭിക്കുന്ന തുകകളുടെ വിവരം D&O Licence Fee രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതിയിട്ടില്ല.

10. അഡ്വാൻസ് രജിസ്റ്റർ എഴുതിയിട്ടില്ല.

11. ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 70,371 രൂപ വരവുണ്ട്. ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

12. ബാലൻസ്ഷീറ്റിൽ താഴെ പറയുന്ന ഇനങ്ങൾ മൈനസ് ഫിഗറായി തെറ്റി കാണിച്ചിരിക്കുന്നു.

| ഇനം | തുക (-) |
|---|---|
| EMD | 2400 |
| തൊഴിൽ നികുതി (Traders) | 1,07,610 |
| കുടിശ്ശിക തൊഴിൽ നികുതി (Traders) | 50,000 |
| ഫെസ്റ്റിവൽ അഡ്വാൻസ് | 4000 |

13. മരാമത്ത് പ്രവൃത്തികളിലെ പെർഫോർമെന്റസ് ഗ്യാരന്റിയായി (EMD, Security Deposit) ആയി ലഭിക്കുന്ന തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

14. B Fund തുക 10,000 രൂപ (അലോപ്പതി) Schedule 1-6 ൽ ഉൾപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ Schedule 1-6, Schedule 1-14(d) എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

15. Exess of Income Over Expenditure ആയി 2014-15 വർഷത്തിൽ നീക്കിയിരിപ്പുള്ള തുകയല്ല 2015-16 ൽ മുന്നിരിപ്പായി

രേഖപ്പെടുത്തിയത്.

| 2014-15 | 2015-16 | വ്യത്യാസം |
|---|---|---|
| 43,09,110.50 | 43,08,390.50 | 720 |

16. വാർഷിക കണക്ക് പ്രകാരമുള്ള ഡെവലപ്പ്മെന്റ് ഫണ്ട് (ജനറൽ) മുന്നിരിപ്പ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| AFS | ACR | Defference |
|---|---|---|
| 11507140 | 10639240 | 8,67,900 |

17. RP-7 , RP-19 എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. 10,000 രൂപയുടെ വ്യത്യാസം.

18. വാർഷിക കണക്ക് പ്രകാരമുള്ള Maintenance Grant (Road) വരവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| AFS | ACR | Difference |
|---|---|---|
| 1565650 | 2249563 | 683913 |

19. ബി. ഫണ്ടിനങ്ങൾ Income & Exp. Schedule 1-6, Schedule 1-14(d) എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. അലോപ്പതി ചെലവ് 10000 രൂപ Schedule 1-6 ൽ വന്നിട്ടില്ല.

20. 2013-14, 2014-15 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

| | | |
|---|---|---|
| 2013-14 | LF.M16/1048/14(65) dt.28.10.14 (Q.Certificate) | ക്രമ നം 4,9 എന്നിവ പരിഹരിച്ചിട്ടില്ല. |
| 2014-15 | KSA.MPM.13/2569/15 dt.16.101.5 (Q.Certificate) | ക്രമ നം 1 മുതൽ 10 വരെ പരിഹരിച്ചിട്ടില്ല. |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 5111682.42

വരവ് - 42704777

ആകെ - 93816459.42

ചെലവ് - 65176813

നീക്കിയിരിപ്പ്- 28639646.42

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസർ ക്രെഡിറ്റ് | നീക്കിയിരിപ്പ് (lapsed) | ചെലവ് ശതമാനം | നീക്കിയിരിപ്പ് RP - 40b പ്രകാരം |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 11507140 | 17629216 | 49653834 | 23952438 | 20517478 | 25701396 | 48.24 | 0 |
| വികസനഫണ്ട് എസ്.സി.പി. | 4251042 | 7421042 | 8001042 | 2695286 | (-)3671042 | 5305756 | 33.67 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2000 | 2000 | 2000 | 0 | 0 | 100 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 79728 | 2646000 | 2725728 | 2329291 | 0 | 396437 | 85.46 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2716119 | 3361000 | 6077119 | 4261632 | 0 | 1815487 | 70.13 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10016327 | 19791754 | 7218219 | 8710817 | (-)12589862 | 8507402 | 50.59 | 0 |
| ലോക ബാങ്ക് സഹായം | 4256574 | 4256574 | 4256574 | 1476564 | (-)4256574 | 2780010 | 39.69 | 0 |
| ബി-ഫണ്ട് | 0 | 27506960 | 27506960 | 27506960 | 0 | 902 | 99.9 | 900 |
| NREGS | 0 | 16458055 | 16458055 | 16457153 | | 902 | | |

കുറിപ്പ്.- സംരക്ഷണഗ്രാന്റ് റോഡ് ,തൻവർഷ വരവായി എടുത്തിരിക്കുന്നത് എ.സി.ആർ, എസ്.എഫ്.സി.പ്രകാരമുള്ളതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 161 | 84260464 | 111 | 47462895 | 13 | 37 | 69 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 18.26ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4132923 | 3308521 | 824402 | -19.94 |
| നികുതിയേതര വരവുകൾ | 380794 | 380739 | 55 | -0.01 |
| മറ്റുവരവുകൾ | - | - | - | - |
| ആകെ | 4513717 | 3689260 | 824457 | -18.26 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 97680 | 58 |
| കർഷകതൊഴിലാളി പെൻഷൻ | 2622540 | 339 |
| വിധവാപെൻഷൻ | 12531320 | 1274 |
| വാർദ്ധക്യകാലപെൻഷൻ | 7597500 | 955 |
| വികലാംഗപെൻഷൻ | 4006205 | 391 |
| അവിവാഹിതപെൻഷൻ | 407200 | 40 |
| വിധവകളുടെ പെൺമക്കൾക്കുള്ളവിവാഹധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.7.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7366 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

താഴെ പറയുന്ന രജിസ്റ്ററുകൾ ഗ്രാമ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല.

1. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ

2. പരാതി രജിസ്റ്റർ

3. ഓഡിറ്റ് റിക്കവറി രജിസ്റ്റർ

4. ഡെപ്പോസിറ്റ് രജിസ്റ്റർ

5. മുൻകൂർ രജിസ്റ്റർ

6. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ

കെ.എസ്.ഇ.ബി. യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ തിട്ടപ്പെടുത്തി തെരുവുവിളക്കുകളെ സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

തെരുവുവിളക്കുകളെ സംബന്ധിച്ച പരാതി രജിസ്റ്ററിൽ വാർഡുകൾക്കായി പ്രത്യേകം പേജുകൾ വിട്ട് പരാതി തിയ്യതിയുൾപ്പെടെ രേഖപ്പെടുത്തേണ്ടതും തെരുവുവിളക്കുകളുടെ കേടുകൾ തീർത്ത് പ്രവർത്തന ക്ഷമമാക്കുന്ന ദിവസം പ്രസ്തുത കാര്യം കൂടി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

വി.ഇ.ഒ, അസി.എഞ്ചിനീയർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ TR7A കാഷ് ബുക്ക് എഴുതിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികളുടെ ജാമ്യ നിക്ഷേപമായി ലഭിക്കുന്ന സ്ഥിര നിക്ഷേപങ്ങൾ എല്ലാം തന്നെ വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്യാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.10.2016 | 01.08.2016മുതൽ30.09.16 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.2016 | 2009-10മുതൽ 2013-14 വരെ | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ ലൈസൻസ് ഫീസ് പിരിവ്-അപാകതകൾ

2015-16 വർഷത്തെ ഡി&ഒ ലൈസൻസ് ഫീസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

a) റേഷൻ കടകൾ

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ.നം. | |
|---|---|
| 1 | ARD No 31 വെട്ടം ചീർപ്പ് |
| 2 | ARD No 32 വാക്കാട് |
| 3 | ARD No 23 പറവണ്ണ |
| 4 | ARD No 144 ആശാൻ പടി, വെട്ടം |
| 5 | ARD No 34 രണ്ടത്താണി,വെട്ടം |
| 6 | ARD No 240 അരിക്കാഞ്ചിറ, പറവണ്ണ |

| | |
|---|---|
| 7 | ARD No 29 പച്ചാട്ടിരി |
| 8 | ARD No 12 പരിയാപുരം |
| 9 | ARD No 30 ആലിശ്ശേരി, വെട്ടം |
| 10 | ARD No 8 തീണ്ടാപടി, വെട്ടം |
| 11 | ARD No 19 പറവണ്ണ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/15.12.2016 ന് നൽകിയ മറുപടിയിൽ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

b) അക്ഷയ സെന്ററുകൾ

ഗ്രമ പഞ്ചായത്ത് പരിധിയിൽ 4 അക്ഷയ സെന്ററുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/15.12.2016,3/15.12.16 ന് നൽകിയ മറുപടിയിൽ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

2. ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) പ്രകാരമുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല.

പരിശോധനക്ക് ഹാജരാക്കിയ ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) പ്രകാരം 309 സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവയിൽ 213 സ്ഥാപനങ്ങൾ മാത്രമാണ് 2015-16 ൽ ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ലൈസൻസ് എടുക്കുന്നതിനുള്ള സമയക്രമം പാലിക്കുന്നില്ല.

സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്.

എന്നാൽ 2015-16 വർഷത്തിൽ 217 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ആയതിൽ ഒരു സ്ഥാപനവും ലൈസൻസ് എടുക്കുന്നതിനുള്ള സമയക്രമം പാലിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/15.12.2016 ന് നൽകിയ മറുപടിയിൽ സമയക്രമം ട്രേഡേഴ്സിനെ അറിയിച്ചിട്ടുള്ളതാണെന്നും നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

## 2-2 കെട്ടിട നിർമ്മാണ ക്രമവൽക്കരണം -ഫീസ് ഈടാക്കിയതിൽ കുറവ്

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 137 ൽ 4 പ്രകാരം ക്രമവൽക്കരണം രാജിയാക്കൽ ഫീസ്, പ്രാബല്യത്തിലിരിക്കുന്ന പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ്. എന്നാൽ മേൽ വ്യവസ്ഥ പാലിക്കാതെയാണ് 2015-16 വർഷത്തിൽ ചില കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ ക്രമവൽക്കരണം ചെയ്തിരിക്കുന്നത്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ. നം. | റഗുലറൈസേഷൻ നമ്പർ/ തിയ്യതി | അപേക്ഷകന്റെ പേര് | തറവിസ്തീർണം, ഒക്യുപൻസി | പെർമിറ്റ് ഫീ (₹) | രാജിയാക്കൽ ഫീ ₹) | ഈടാക്കേണ്ട ആകെ ഫീ ₹) | ഈടാക്കിയ ഫീ ₹) | കുറവ് ₹) |
|---|---|---|---|---|---|---|---|---|
| 1 | 923/13,4.2.2015 | ബീവാത്തു,മൂത്താട്ട് | 129.34 ച.മീ. വാസഗൃഹം | 388 | 776 | 1164 | 780 | 384 |
| 2 | 176/22.4.2015 | അച്ചുട്ടി,ആലിശ്ശേരി | 124.26ച.മീ. വാസഗൃഹം | 372 | 744 | 1116 | 744 | 372 |
| 3 | 1947/15,5.5.15 | അബ്ദുൾ ഹമീദ്, പള്ളിപറമ്പിൽ | 181.47ച.മീ. വാസഗൃഹം | 544 | 1088 | 1632 | 1092 | 540 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | A4/870/8.5.15 | ബീരാൻകുട്ടി ഹാജി, ചേക്കുട്ടി ആലിക്കനകത്ത്, വെട്ടം | 192.32 ച.മീ.വാസഗൃഹം | 576 | 1152 | 1728 | 1158 | 570 |
| 5 | A4/2296/19.6.15 | ബീവാത്തു,മൂത്താട്ട്, വാക്കാട്. | 197.56ച.മീ. വാസഗൃഹം | 592 | 1184 | 1776 | 1152 | 624 |
| 6 | 2150/15,23.4.15 | ജസീറ,പെരുമാൾ പറമ്പിൽ | 117.13ച.മീ. വാസഗൃഹം | 351 | 702 | 1053 | 708 | 345 |
| 7 | A4/1076/30.6.15 | ഉബൈദ്,ചേക്കുട്ടി ആലിക്കനകതത്, മുറിവഴിക്കൽ | 181.09ച.മീ. വാസഗൃഹം | 543 | 1086 | 1629 | 1092 | 537 |
| 8 | A4/1926/7.7.15 | അലി,കാരാട്ട് പറമ്പിൽ, പറവണ്ണ | 106.52ച.മീ. വാസഗൃഹം | 319 | 638 | 957 | 642 | 315 |
| 9 | 3534/9.7.15 | റസാഖ്, തായുമ്മാന്റെ പുരക്കൽ, വാക്കാട്. | 148.36ച.മീ. വാസഗൃഹം | 445 | 890 | 1335 | 894 | 441 |
| 10 | 2753/29.7.15 | അഹമ്മദ് റഷീദ് അലി, അടീപ്പാട്ട്,പെരുന്തല്ലൂർ. | 239.57ച.മീ. വാസഗൃഹം | 718 | 1436 | 2154 | 1440 | 714 |
| 11 | A4/2829/29.7.15 | മുനീഷ കുഞ്ഞിമോൾ | 61ച.മീ.വാണിജ്യം | 305 | 610 | 915 | 610 | 305 |
| 12 | A4/1209/18.8.15 | മുഹമ്മദ് മുസ്തഫ | 100.34ച.മീ. വാസഗൃഹം | 301 | 602 | 903 | 606 | 297 |
| 13 | A4/4129/24.8.15 | വാസുദേവൻ | 31.4ച.മീ.വാണിജ്യം | 157 | 314 | 471 | 320 | 151 |
| 14 | A4/4138/12.8.15 | കദീജ,കുന്നത്ത് | 133.88ച.മീ. വാസഗൃഹം | 401 | 802 | 1203 | 804 | 399 |
| 15 | A4/2712/26.10.15 | നാസർ, വരിക്കോട്ട് | 109.73ച.മീ. വാസഗൃഹം | 329 | 658 | 987 | 666 | 321 |
| 16 | A4/2570/9.9.15 | കൃഷ്ണൻ, കൊല്ലരിക്കൽ | 110.43ച.മീ. വാസഗൃഹം | 331 | 662 | 993 | 666 | 327 |
| 17 | 4305/15, | അവറാൻകുട്ടി, ചക്കന്റകത്ത് കയ്യാലക്കൽ. | 192.42ച.മീ. വാസഗൃഹം | 577 | 1154 | 1731 | 1158 | 573 |
| 18 | 5107/15,23.11.15 | അബ്ദുറഹ്മാൻ, ഇല്ലാത്തിയിൽ | 178.14ച.മീ. വാസഗൃഹം | 535 | 1070 | 1605 | 1074 | 531 |
| 19 | A4/4292/14.12.15 | ഹമീദ്, കുരിക്കൾ കളത്തിൽ. | 130.22ച.മീ. വാസഗൃഹം | 390 | 780 | 1170 | 786 | 384 |
| 20 | A4/4485 /30.12.15 | മറിയ, പുളിക്കലകത്ത്. | 134.44ച.മീ. വാസഗൃഹം | 403 | 806 | 1209 | 810 | 399 |
| 21 | 4233/15, | അബ്ദുറഹ്മാൻ, പഴയകത്ത് വലിയ | 166.49ച.മീ. വാസഗൃഹം | 499 | 998 | 1497 | 1002 | 495 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | പീടിയേക്കൽ | | | | | | |
| 22 | 96/16 | അബ്ദുൾ ഗഫൂർ | 248ച.മീ. വാസഗൃഹം | 744 | 1488 | 2232 | 1488 | 744 |
| 23 | 3708/15 | വേലായുധൻ, വട്ടപറമ്പിൽ | 115.44ച.മീ. വാസഗൃഹം | 346 | 692 | 1038 | 0 | 1038 |
| 24 | 5178/15 | ഹംസ, കാരാറ്റ് കടവത്ത് | 108.55ച.മീ. വാസഗൃഹം | 325 | 650 | 975 | 654 | 321 |
| 25 | A4/2520/12.2.16 | ഫക്കീർ കരിക്കൾ കളത്തിൽ | 106ച.മീ. വാസഗൃഹം | 318 | 636 | 954 | 636 | 318 |
| ആകെ | | | | | | | | 11445 |

ഇഉ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/16.12.201ന് മറുപടി നൽകിയില്ല. കുറവ് വന്ന 11445 രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ജാമ്യ നിക്ഷേപങ്ങൾ വാർഷിക കണക്കിൽ ഉൾപ്പടുത്തുന്നില്ല - ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട പണം നഷ്ടപ്പെടുന്നു

ഗ്രാമ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികളുടെ ജാമ്യ നിക്ഷേപമായി ലഭിക്കുന്ന സ്ഥിര നിക്ഷേപങ്ങൾ എല്ലാം തന്നെ വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്യാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. മാരാമത്ത് പ്രവൃത്തികൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന എല്ലാ നിക്ഷേപങ്ങളും പഞ്ചായത്തിന്റെ ബാദ്ധ്യതയാണ്. ആകയാൽ അവ എല്ലാം തന്നെ കണക്കിൽപെടുത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തണം. അല്ലാത്തപക്ഷം വാർഷിക കണക്ക് അപൂർണ്ണമായിരിക്കും. മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ലഭിക്കുന്ന സ്ഥിര നിക്ഷേപങ്ങൾ കണക്കു വക്കാതെ ഫയലിൽ സൂക്ഷിക്കുമ്പോൾ അവയുടെ ബാദ്ധ്യത കണക്ക് രേഖപ്പെടുത്താതെ പോകുന്നു. നിക്ഷേപങ്ങൾ കാലാഹരണപ്പെടുമ്പോൾ അവ പഞ്ചായത്തിന്റെ വരുമാനമാക്കി മാറ്റി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ (തനത് ഫണ്ട്) വരവ് വക്കേണ്ടതാണ്. എന്നാൽ സ്ഥിരനിക്ഷേപ രസീതികൾ ഫയലിൽ സൂക്ഷിക്കുന്നതിനാൽ കാലാഹരണപ്പെട്ടവ കണ്ടെത്തുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനും കഴിയില്ല. ഇത് ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട പണം നഷ്ടമാകുന്നതിന് ഇടവരുത്തുന്നു. ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതും ഫയലിൽ സൂക്ഷിച്ചതുമായ എല്ലാ സ്ഥിരനിക്ഷേപ രസീതികളുടേയും കണക്കെടുത്ത് ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി പ്രത്യേകം സൂക്ഷിക്കേണ്ടതും വാർഷിക കണക്കിൽ ഉൾപ്പെടുത്തി വാർഷിക കണക്ക് കുറ്റമറ്റമാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടുംബശ്രീ വനിതാ സ്വയം തൊഴിൽ സംരംഭം - വായ്പ ലഭ്യമാക്കാത്ത യൂണിറ്റുകൾക്ക് സബ്സിഡി നൽകിയത് അനുവദിക്കുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസി. സെക്രട്ടറി

പ്രോജക്ട് നം - 18/16

ബിൽ നം - 15/19.3.16

തുക - 4,00,000 (വികസന ഫണ്ട്)

ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായി സബ്സിഡി നൽകുന്നതിനാണ് പ്രൊജക്ട്. പദ്ധതിക്ക് വേണ്ടി മേൽ ബില്ല് പ്രകാരം 4,00,000 രൂപ പിൻവലിച്ചു. താഴെ പറയുന്ന 7 കുടുംബശ്രീ യൂണിറ്റുകൾക്ക് 50,000 രൂപ വച്ച് സബ്സിഡി അനുവദിക്കുന്നതിനും ഇവർക്കുള്ള പരിശീലനത്തിനായി 50,000 രൂപയും അടക്കം 4,00,000 രൂപ 191085/29.3.16 നം ഡി.ഡി പ്രകാരം സി.ഡി.എസ് പ്രസിഡന്റിന് നൽകി.

1. ലേഡീസ് ലോൺട്രി യൂണിറ്റ്

2. ബിസ്മില്ല കാറ്ററിംഗ് യൂണിറ്റ്

3. തൃപ്തി പലഹാര യൂണിറ്റ്

4. പെർഫെക്റ്റ് ഹെൽപ്പ് ഡെസ്ക് യൂണിറ്റ്

5. ലിയാസ് പലഹാര യൂണിറ്റ്

6. മഹിള റൈസ് മിൽ യൂണിറ്റ്

7. വിസ്മയ ടൈലറിംഗ് യൂണിറ്റ്

പദ്ധതി അപാകതകൾ

പന്ത്രണ്ടാം പദ്ധതിയുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ.(എം.എസ്) നം 248/12 തീയതി 29.0.2012 ഖണ്ഡിക 3-7 ക്രമനം 2 പ്രകാരവും ജി.ഒ.(എം.എസ്) നം 362/13 തീയതി 16.11.2013 ഖണ്ഡിക 3-7 ക്രമനം 2 സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വേണ്ടി ധനസഹായം അനുവദിക്കേണ്ടത് SGSY മാനദണ്ഡപ്രകാരവും വായ്പാ ബന്ധിത പ്രൊജക്ട് പ്രകാരം സബ്സിഡി തുക ബാക്ക് എൻഡ് സബ്സിഡിയുമായാണ് നൽകേണ്ടത്. സ്വയം തൊഴിൽ സംരംഭം തുടങ്ങാൻ വേണ്ടി പ്രൊജക്ട് കോസ്റ്റ് ഉണ്ടാക്കി ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുന്ന മുറക്ക് പ്രൊജക്ട് കോസ്റ്റിന്റെ 50% തുക സബ്സിഡിയായി നൽകുന്നു. വായ്പയെടുത്ത ഗ്രൂപ്പിന്റെ ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് ബാങ്കിന് നേരിട്ടാണ് തുക അനുവദിക്കേണ്ടത്. എന്നാൽ മേൽ പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ് പ്രസിഡന്റിന് തുക അനുവദിക്കുകയും സി.ഡി.എസ് പ്രസിഡന്റ് 50,000 രൂപ വീതം യൂണിറ്റുകൾക്ക് ചെക്ക് അനുവദിക്കുകയും ചെയ്തു. കൂടാതെ യൂണിറ്റുകൾക്ക് പരിശീലനം നൽകിയ ഇനത്തിൽ 50,000 രൂപയും ചെലവഴിച്ചു. തൊഴിൽ സംരംഭം തുടങ്ങുന്നതിന് വേണ്ടി ബാങ്കുകളിൽ നിന്നും വായ്പ എടുക്കാത്തതും തൊഴിൽ സംരംഭം തുടങ്ങാത്തതുമായ താഴെ പറയുന്ന യൂണിറ്റുകൾക്ക് സബ്സിഡി നൽകിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

| ക്രമ നം | യൂണിറ്റ് | റിമാർക്സ് |
|---|---|---|
| 1 | ലേഡീസ് ലോൺട്രി യൂണിറ്റ് | 046189/13.5.16 ചെക്ക് പ്രകാരം സി.ഡി.എസ് പ്രസിഡന്റ് 50,000 രൂപ യൂണിറ്റിന് നൽകി. യൂണിറ്റിന്റെ പേരിലുള്ള കേരള ഗ്രാമിൺ ബാങ്ക് അക്കൗണ്ടിൽ (40650101039267)ം 3.6.16 ന് ക്രെഡിറ്റ് ചെയ്തു. യൂണിറ്റ് പ്രവർത്തിക്കുന്നില്ല. |
| 2 | ബിസ്മില്ല കാറ്ററിംഗ് യൂണിറ്റ് | 046185/13.5.16 ചെക്ക് പ്രകാരം സി.ഡി.എസ് പ്രസിഡന്റ് 50,000 രൂപ യൂണിറ്റിന് നൽകി. യൂണിറ്റിന്റെ പേരിലുള്ള കേരള ഗ്രാമിൺ ബാങ്ക് അക്കൗണ്ടിൽ (40650101037861) 17.10.16 ന് ക്രെഡിറ്റ് ചെയ്തു. യൂണിറ്റ് മുൻ വർഷങ്ങളിൽ പ്രവർത്തിച്ചു വരുന്നതാണ്. |
| 3 | തൃപ്തി പലഹാര യൂണിറ്റ് | 046187/13.5.16 ചെക്ക് പ്രകാരം സി.ഡി.എസ് പ്രസിഡന്റ് 50,000 രൂപ യൂണിറ്റിന് നൽകി. യൂണിറ്റിന്റെ പേരിലുള്ള കേരള ഗ്രാമിൺ ബാങ്ക് അക്കൗണ്ടിൽ 30.5.16 ന് ക്രെഡിറ്റ് ചെയ്തു. യൂണിറ്റ് മുൻ വർഷങ്ങളിൽ പ്രവർത്തിച്ചു വരുന്നതാണ്. |
| 4 | പെർഫെക്റ്റ് ഹെൽപ്പ് ഡെസ്ക് യൂണിറ്റ് | 046188/13.5.16 ചെക്ക് പ്രകാരം സി.ഡി.എസ് പ്രസിഡന്റ് 50,000 രൂപ യൂണിറ്റിന് നൽകി. യൂണിറ്റിന്റെ പേരിലുള്ള കേരള ഗ്രാമിൺ ബാങ്ക് അക്കൗണ്ടിൽ 30.5.16 ന് ക്രെഡിറ്റ് ചെയ്തു. യൂണിറ്റ് പ്രവർത്തിക്കുന്നില്ല. |
| 5 | ലിയാസ് പലഹാര യൂണിറ്റ് | 046184/13.5.16 ചെക്ക് പ്രകാരം സി.ഡി.എസ് പ്രസിഡന്റ് 50,000 രൂപ യൂണിറ്റിന് നൽകി. യൂണിറ്റ് മുൻ വർഷങ്ങളിൽ പ്രവർത്തിച്ചു വരുന്നതാണ്. |
| 6 | മഹിള റൈസ് മിൽ യൂണിറ്റ് | യൂണിറ്റ് തുടങ്ങാത്തത് കാരണം തുക അനുവദിച്ചിട്ടില്ല. 50,000 രൂപ നിലവിൽ സി.ഡി.എസ് പ്രസിഡന്റിന്റെ അക്കൗണ്ടിൽ കിടക്കുന്നു. |
| 7 | വിസ്മയ ടൈലറിംഗ് യൂണിറ്റ് | തുക അനുവദിച്ചിട്ടില്ല. 50,000 രൂപ നിലവിൽ സി.ഡി.എസ് പ്രസിഡന്റിന്റെ അക്കൗണ്ടിൽ കിടക്കുന്നു. |

ലിയാസ് പലഹാര യൂണിറ്റ്, തൃപ്തി പലഹാര യൂണിറ്റ്, ബിസ്മില്ല കാറ്ററിംഗ് യൂണിറ്റ് എന്നീ യൂണിറ്റുകൾക്ക് സബ്സിഡി അനുവദിച്ചിട്ടുള്ളത് സ്വയം തൊഴിൽ സംരംഭം തുടങ്ങാൻ വേണ്ടിയാണ്. എന്നാൽ മേൽ യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നവയാണ്. പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുക എന്ന പേരിൽ സബ്സിഡി തുക അനുവദിച്ചത് ക്രമപ്രകാരമല്ല. നിലവിലുള്ള സംരംഭങ്ങൾക്ക് ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ റിവോൾവിംഗ് ഫണ്ടാണ് അനുവദിക്കേണ്ടത്.

മേൽ അപാകതകളാൽ വായ്പ എടുക്കാത്തതും തൊഴിൽ സംരംഭം തുടങ്ങാത്തതുമായ യൂണിറ്റുകൾക്ക് അനുവദിച്ച സബ്സിഡി തുക 3,50,000 രൂപ അനുവദിക്കുന്നില്ല. തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 16/19-12-16 നമ്പർ ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 തെരുവ് വിളക്ക് സമ്പൂർണ്ണ അറ്റകുറ്റ പണി – അപാകതകൾ

നിർവ്വഹണം- സെക്രട്ടറി

പ്രൊജക്ട് നം - SO08/16

ബിൽ നം - 16/21.1.16 – 1,00,000

26/28.3.16 – 97,900

വെട്ടം ഗ്രാമ പഞ്ചായത്തിലെ 20 വാർഡുകളിലായുള്ള തെരുവ് വിളക്കുകൾ ഒരു വർഷ കാലയളവിലേക്ക് സമ്പൂർണ്ണ അറ്റകുറ്റ പണി നടത്തി പ്രകാശിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ് ഈ പദ്ധതി. പദ്ധതി പ്രകാരം ഓരോ തെരുവ് വിളക്കിനും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.സി.പി.ബിജു, ചെറുവോട്ട് പാറക്കൽ (Star Electricals, Kalpathur) എന്നവരുടെ ടെണ്ടർ അംഗീകരിച്ചു. താഴെ പറയും പ്രകാരമാണ് നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളത്.

| ഇനം | നിരക്ക് |
|---|---|
| 18*2 Watts FTL (Automatic) | 800 |
| 2*11 Watts CFL (Automatic) | 650 |
| Tube Light | 950 |

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കരാറുകാരൻ നൽകിയ 56/9.12.15 നം ബില്ല് പ്രകാരമുള്ള തുക 1,97,900 രൂപ ടിയാന് അനുവദിച്ചു. പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1). പദ്ധതിക്ക് അടങ്കൽ കാണിച്ചിരിക്കുന്നത് 2,00,000 രൂപയാണ്. ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, അതിൽ തന്നെ പ്രവർത്തനക്ഷമമായത്, പ്രവർത്തനക്ഷമമല്ലാത്തത് എന്നിവ സംബന്ധിച്ച് യാതൊരു കണക്കുകളും ഇല്ലാതിരിക്കെ ഇത്തരത്തിലുള്ള ഒരു പദ്ധതിക്ക് 2,00,000 രൂപ അടങ്കൽ നിശ്ചയിച്ചത് എങ്ങിനെയെന്ന് വ്യക്തമല്ല. തെരുവ് വിളക്കുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി. യുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടില്ല.

2). SEC/VGP/04/15-16/3.10.15 പ്രകാരം ഗ്രാമ പഞ്ചായത്ത് കരാറുകാരനുമായി കരാർ ചമച്ചു. കരാറുടമ്പടി പ്രകാരം കരാർ തിയതി മുതൽ ഒരു വർഷകാലം പ്രവൃത്തി നടത്തേണ്ടതാണ്. എന്നാൽ 3.10.2015 ന് കരാർ ചമച്ച കരാറുകാരൻ താഴെ പറയും പ്രകാരമുള്ള തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് പ്രവർത്തന ക്ഷമമാക്കിതായി കാണിച്ച് ആയതിന്റെ ബില്ല് 9.12.2015 നള്ളിൽ സമർപ്പിച്ചു. (bill no – 56/9.12.15) ആയത് പ്രകാരമുള്ള തുക മേൽ ബിൽ പ്രകാരം കരാറുകാരന് അനുവദിച്ചു. തുടർന്നുള്ള കരാർ കാലയളവിൽ കരാറുകാരൻ കരാറുകാരൻ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തിട്ടില്ല എന്നത് കരാർ ലംഘനമാണ്. ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന കാലയളവിരിക്കെ ഈ ഒരു ബിൽ മാത്രമാണ് കരാറുകാരൻ സമർപ്പിച്ചിട്ടുള്ളത്.

| ഇനം | അളവ് (എണ്ണം) | നിരക്ക് | തുക |
|---|---|---|---|
| FTL (Automatic)<br>(2*18 Watts) | 145 | 800 | 116000 |
| CFL (Automatic)<br>(2*11 Watts) | 126 | 650 | 81900 |
| ആകെ | 271 | | 197900 |

3). അപൂർണ്ണമായ കരാറാണ് ചമച്ചിട്ടുള്ളത്. കരാറിൽ പേമെന്റ് അനുവദിക്കേണ്ടത് എങ്ങിനെയെന്ന് വ്യക്തമാക്കിയിട്ടില്ല. ബിൽ തുക4 ഘട്ടമായി 50%, 20%, 15%, 15% എന്ന അനുപാതത്തിൽ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കേണ്ടതായിരുന്നു. കേടുവന്ന തെരുവ് വിളക്കുകൾ നന്നാക്കാൻ പുതിയ സാധനങ്ങൾ വാങ്ങുമ്പോൾ വാങ്ങിയതിന്റെ ബില്ലുകളും മാറ്റി വച്ച പഴയ സാധനങ്ങളും പഞ്ചായത്ത് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ് എന്ന് ഉൾപ്പെടുത്തേണ്ടതായിരുന്നു. ആയത് ചെയ്തിട്ടില്ല.

4).ആദായ നികുതി നിയമം വകുപ്പ് 194 C പ്രകാരമുള്ള ആദായ നികുതി 1% കുറവ് ചെയ്യാതെ ടിയാന് തുക അനുവദിച്ചു. കരാറുകാരന് അധികം അനുവദിച്ച 1979 രൂപ അനുവദിക്കുന്നില്ല.

5). 2014-15, 2015-16 വർഷങ്ങളിൽ താഴെ പറയും പ്രകാരം തെരുവ് വിളക്കുകൾ ഗ്രാമ പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. ഇതിന് വേണ്ടി 5,09,849 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | ഇനം | എണ്ണം | ബിൽ നം | തുക |
|---|---|---|---|---|
| 10/14-15 | CFL Light | 203 | 29/6.2.15, 30/6.2.15 | 3,22,782 |
| 7/15-16 | CFL Light (2*11 watts) | 119 | 10/19.9.15 | 1,87,067 |
| | | 322 | | 5,09,849 |

15 മാസത്തെ വാറന്റി കാലയളവുള്ള പ്രസ്തുത തെരുവ് വിളക്കുകൾ ഒഴിവാക്കിക്കൊണ്ട് വേണമായിരുന്നു കരാറുകാരനുമായി കരാർ ചമക്കേണ്ടിയിരുന്നത്. ആയത് ചെയ്യാതിരുന്നത് വഴി വാറന്റി കാലയളവുള്ള തെരുവ് വിളക്കുകൾക്ക് വരെ റിപ്പയർ ചാർജ്ജ് നൽകാൻ സാധ്യതയുണ്ടായി.

6). കേടുവന്ന തെരുവ് വിളക്കുകളെ സംബന്ധിച്ച എസ്റ്റിമേറ്റ് റിപ്പോർട്ട് കെ.എസ്.ഇ.ബി.യിൽ നിന്നും തയ്യാറാക്കി വാങ്ങിയിട്ടില്ല.

7). വ്യക്തമായ രേഖകളുടെ പിൻബലമില്ലാതെയാണ് കരാറുകാരന് തുക അനുവദിച്ചത്. (കേടുവന്ന തെരുവ് വിളക്കുകൾ നന്നാക്കാൻ പുതിയ സാധനങ്ങൾ വാങ്ങുമ്പോൾ വാങ്ങിയതിന്റെ ബില്ലുകളും മാറ്റി വച്ച പഴയ സാധനങ്ങളും പഞ്ചായത്ത് ഓഫീസിൽ ഏൽപിച്ചിട്ടില്ല.)

8). തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല.

9) ഇത്രയധികം റിപ്പയറിംഗ് നടത്തിയിട്ടും കെ.എസ്.ഇ.ബിയിൽ സൂപ്പർവിഷൻ ചാർജ് അടച്ചതിന്റെ രേഖകളില്ല.

10) തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായുള്ള മെമ്പർമാരുടെ സാക്ഷ്യപത്രങ്ങളിൽ അധികവും വെട്ടിതിരുത്തലുകൾ വരുത്തിയിട്ടുണ്ട്.
11) ക്രമക്കേടുകൾക്ക് സാഹചര്യം ഒരുക്കിയും തികച്ചും സുതാര്യതയില്ലാതെയുമാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

പ്രവൃത്തിയിൽ കരാറുകാരന് അധികം അനുവദിച്ച 1979 രൂപ അനുവദിക്കുന്നില്ല. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ കരാറുകാരനിൽ നിന്നോ ഈടാക്കി ആദായ നികുതിയിനത്തിൽ അടവാക്കേണ്ടതാണ്. കൂടാതെ മറ്റ് അപാകതകളുടെയും ചെലവ് രേഖകളുടേയും അടിസ്ഥാനത്തിൽ ബാക്കി ചെലവു തുക 1,95,921 തടസ്സം ചെയ്യുന്നു.

തെരുവ് വിളക്കുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി. യുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ പരിപാലിക്കേണ്ടതുമാണ്.

## 3-3 ഇല്ലത്തപ്പടി അംഗൻവാടി പൂർത്തീകരണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നമ്പർ:33/16

അടങ്കൽ :269194/- പ്ലാൻ ഫണ്ട്

50000/- ബ്ലോക്ക് ഫണ്ട്

319194 ചെലവ് :258620/- ട്രഷറി ബിൽ നം.33/19.3.16

കരാർ നം. 53/AE/LSGD/VGP/14-15

എം.ബുക്ക് നം. 157/14-15,155/18,12,14

ഇല്ലത്തപ്പടി അംഗൻവാടിക്ക് ഫിനിഷിംഗ് വർക്ക് ചെയ്യുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ച് നിർവ്വഹിച്ചിട്ടുള്ളത്. 18.12.14 ൽ കരാറുകാരനായ ശ്രീ.ജയ്സൽ, അരികം കളങ്ങര പ്രവൃത്തി നിർവ്വഹണത്തിനായി കരാർ ഒപ്പുവച്ചിട്ടുണ്ടെങ്കിലും 26.10.15 ന് മാത്രമാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത് (എസ്റ്റിമേറ്റിലെ ഐറ്റം നമ്പർ 18 ന്റെ അളവെടുത്തത്. എം.ബുക്ക് നം.157/14-15 പേജ് 34). ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തിയാക്കേണ്ട സമയത്തെക്കുറിച്ച് കരാറിലോ, ടെണ്ടർ രേഖകളിലോ വ്യവസ്ഥ ഉൾപ്പെടുത്തിയതായി കണ്ടില്ല. എന്നാൽ കരാറിലെ ഏഴാം നമ്പർ വ്യവസ്ഥ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ, തക്കതായ കാരണം ഉണ്ടെങ്കിൽ പിഴയൊന്നും കൂടാതെ ആകെ നിർവ്വഹണ കാലയളവിന്റെ 20% അധികം അനുവദിക്കാമെന്നും എന്നാൽ തുടർന്നും പ്രവൃത്തി പൂർത്തിയാക്കാത്ത പക്ഷം പിഴ ഈടാക്കാവുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. അതുപോലെ കരാറിലെ ആറാം നമ്പർ വ്യവസ്ഥ പ്രകാരം കരാർ ഒപ്പുവച്ച് 10 ദിവസത്തിനുള്ളിൽ പ്രവൃത്തി സ്ഥലം ഏറ്റെടുക്കണമെന്നും അതിനുശേഷം 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കണമെന്നും പറഞ്ഞിട്ടുണ്ട്. ഫയൽ പരിശോധിച്ചപ്പോൾ പ്രവൃത്തി സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ ഒന്നും സമർപ്പിച്ചതായി കണ്ടിട്ടില്ല.മൂന്ന് ലക്ഷം രൂപ അടങ്കലുള്ള ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പരമാവധി മൂന്ന് മാസം മതി എന്നിരിക്കെ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പത്ത് മാസം എടുത്തതായി കാണുന്നു. എന്നിട്ടും കരാറുകാരനിൽ നിന്നും പിഴയൊന്നും ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-4 കോതപ്പറമ്പ് കുടിവെള്ള പദ്ധതി - ഗുണഭോക്തൃ സമിതി മാനദണ്ഡങ്ങൾ പാലിച്ചില്ല

പ്രൊജക്ട് നം. :37/16

അടങ്കൽ : 300000 . ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്

ചെലവ് :298092. ട്രഷറി ബിൽ നം.12/19.1.16

കരാർ നം. : 74/AS/LSGD/VGP/15-16

എം.ബുക്ക് നം :145/14-15

കൺവ്വീനർ :കെ.ടി.ആലിക്കുട്ടി

നിർവ്വഹണം :അസിസ്റ്റന്റ് എഞ്ചിനീയർ.

ഈ പ്രോജക്ട് ഗുണഭോക്തൃ സമിതി മുഖേനെയാണ് നിർവ്വഹിച്ചിട്ടുള്ളതെങ്കിലും, ഗുണഭോക്തൃ സമിതി മിനട്സ്, കമ്മിറ്റി അംഗങ്ങളുമായി ഒപ്പു വയ്ക്കേണ്ട കരാർ, കാഷ് ബില്ലുകൾ, മസ്റ്റർ റോളുകൾ , ആകെ ചെലവഴിച്ച തുക കമ്മറ്റി അംഗീകരിച്ചതിന്റെ സ്റ്റേറ്റ്മെന്റ്, പാസ് ബുക്ക് എന്നിങ്ങനെ ഒരു രേഖയും പരിശേധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകത പരിഹരിക്കേണ്.

## 3-5 പദ്ധതി ചെലവ് - ചെലവ് രേഖകൾ ലഭ്യമല്ല-37,51,930രൂപ തടസ്സം ചെയ്യുന്നു

നിർവ്വഹണം- സെക്രട്ടറി

താഴെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 37,51,930 രൂപ തടസ്സം ചെയ്യുന്നു.

| പ്രൊജക്ട് | ബിൽ | തുക | ഹാജരാക്കേണ്ട രേഖ |
|---|---|---|---|
| 6/16<br>IAY വിഹിതം<br>(തിരൂർ ബ്ലോക്ക് പഞ്ചായത്ത്) | 3/14.7.15 | 7,68,750 | വിനിയോഗ സാക്ഷ്യപത്രം |
| 171/16<br>IAY വിഹിതം (SC)<br>(തിരൂർ ബ്ലോക്ക് പഞ്ചായത്ത്) | 34/31.3.16 | 2,00,000 | വിനിയോഗ സാക്ഷ്യപത്രം |
| SO 169/16<br>IAY വിഹിതം<br>(Gen)<br>(തിരൂർ ബ്ലോക്ക് പഞ്ചായത്ത്) | 33/31.3.16 | 21,00,000 | വിനിയോഗ സാക്ഷ്യപത്രം |
| SO 003/16<br>സാമൂഹ്യ സുരക്ഷാമിഷന് സംഭാവന | 2/19.7.15 | 3,00,000 | കൈപ്പറ്റ് രസീത് |
| 170/16<br>IKM ന് വിഹിതം | 32/31.3.16 | 83,180 | കൈപ്പറ്റ് രസീത് |
| 4/16<br>കിഡ്നി വെൽഫെയർ സൊസൈറ്റിക്ക് വിഹിതം | 1/19.7.15 | 3,00,000 | കൈപ്പറ്റ് രസീത് |
| ആകെ | | 37,51,930 | |

## 3-6 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

2015-16 വർഷത്തെ എസ്.എസ്.എ പ്രൊജക്ടിനുള്ള പഞ്ചായത്ത് വിഹിതം ഇനത്തിൽ ₹ 15,63,000എസ്.എസ്.എ മലപ്പുറം ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

| പ്രൊജക്ട് | ചെലവ് | ബിൽ നമ്പർ |
|---|---|---|
| SSA വിഹിതം നൽകൽ-ജനറൽ (SOO1/16) | ₹ 15,63,000 | 9/18.09.2015 |

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന

അപാകതകൾ കണ്ടെത്തി.

1) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 362/13 തി. 16.11.2013 പ്രകാരം എസ്.എസ്.എ യും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്നാണ് അതാത് സ്ഥാപനത്തിന്റെ SSA പ്രൊജക്ട് തയ്യാറാക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് അധികാരികളും, പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും , എസ്.എസ്.എ യും കൂടി ചർച്ച ചെയ്ത് പഞ്ചായത്തിൽ SSA പ്രൊജക്ടിൻ കീഴിൽ നടപ്പാക്കേണ്ട പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തിന്റെ ആവശ്യകതക്കനുസരിച്ചാണ് പ്രൊജക്ട് തയ്യാറാക്കേണ്ടത്. എന്നാൽ ഇത്തരം നടപടികൾ പാലിക്കാതെയാണ് പണം നൽകിയത്.

2) വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

എസ്.എസ്.എ കൈപ്പറ്റിയ തുകയുടെ വിനിയോഗം സംബന്ധിച്ച വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ എസ്.എസ്.എ അധികാരികൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.

പ്രൊജക്ട് ഓഫീസറുടെ വർക്ക്പ്ലാൻ പ്രകാരമുള്ള ഓരോ ഇനങ്ങളുടെയും വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ₹ 15,63,000 ചെലവു തടസ്സം ചെയ്യുന്നു.

## 3-7 കുടുബശ്രീ/മീഡിയാശ്രീ പദ്ധതി - ഡോക്യൂമെന്ററി തയ്യാറായിട്ടില്ല

പ്രോജക്റ്റ് നം. 17/16

കുടുബശ്രീ/മീഡിയാശ്രീ പദ്ധതി

അടങ്കൽ തുക – 65,000 രൂപ

നിർവ്വഹണം - അസി. സെക്രട്ടറി

ബിൽ നമ്പർ : 15/19-03-2016 – 16,500

കരാർ - 1/15 തി.10.7.15

പദ്ധതി പ്രകാരം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സമഗ്ര ചരിത്രം തയ്യാറാക്കുന്നതിനായി സ.ഉ (സാധാ.)നം. 3206/2014 /ത.സ്വ.ഭ.വ തി. 05.12.14 പ്രകാരം 2014-15 വർഷത്തെ വാർഷിക പദ്ധതിയുടെ തനത് ,പദ്ധതി ഫണ്ടിൽ നിന്നും യഥേഷ്ടം തുക വകയിരുത്തി പ്രോജക്റ്റ് ചെയ്യുവാനാണ് നിർദ്ദേശിച്ചിരുന്നത്. പദ്ധതിക്ക് വേണ്ടി മേൽ ബിൽ പ്രകാരം 16,500 രൂപ (DD.417065/10.7.15) കുടുംബശ്രീ ജില്ലാ മിഷന് മുൻകൂർ നൽകിയിട്ടുണ്ട്. കരാർ പ്രകാരം തുക(മുൻകൂർ) ലഭിച്ച കഴിഞ്ഞ് 60 ദിവസത്തിനകം സ്ഥാപനത്തെക്കുറിച്ചുള്ള ഡോക്യൂമെന്ററി ചിത്രത്തിന്റെ 10 പകർപ്പ് നൽകണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻകൂർ നൽകി ഒന്നര വർഷം കഴിഞ്ഞിട്ടും ഡോക്യൂമെന്ററി തയ്യാറായിട്ടില്ല. .പദ്ധതികൾ സർക്കാർ നിർദ്ദേശാനുസരണം മാത്രം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തദ്ദേശ ഭരണസ്ഥാപനത്തിന്റെ സമഗ്ര ചരിത്രം തയ്യാറാക്കിയതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കുന്നത് വരെ ചെലവുതുക 19,500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 പത്താം തരം തുല്യത കോഴ്സ് പരിക്ഷ – രേഖകൾ ലഭ്യമല്ല

നിർവ്വഹണം--എച്ച്.എം

പ്രൊജക്ട്.നം - SO092/16

Bill – 5/14.3.16

തുക - 55,500

പത്താം തരം തുല്യത കോഴ്സ് പരിക്ഷ പദ്ധതിയുടെ ഭാഗമായി മേൽ ബിൽ പ്രകാരം ഒരാൾക്ക് 1500 രൂപ പ്രകാരം 37 പേർക്ക് 55,500രൂപ പരീക്ഷാഫീസ്,കോഴ്സ് ഫീസ് എന്നിവക്കായി സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട് (DD. 189798/15.3.16). ഗുണഭോക്താക്കളുടെ പട്ടിക, പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.തുക സാക്ഷരതാമിഷന് നൽകിയതിന്റെ വിവരം മാത്രമേ ഫയലിലുള്ളൂ.രേഖകളുടെ അഭാവത്തിൽ 55,500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-9 മരുന്നുകൾ മുഴുവനായും ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നിർവ്വഹണം -മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)

ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി കേരള സംസ്ഥാന ഹോമിയോപതിക് സഹകരണ ഫാർമസിയിലും പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് (പരിരക്ഷ,ഹോംകെയർ യൂണിറ്റ്) അലോപ്പതി മരുന്നുകൾക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപറേഷനിലും ചുവടെ ചേർത്ത പ്രകാരം തുക അടവാക്കിയിട്ടുണ്ട്. എന്നാൽ മുഴുവൻ തുകക്കുള്ള മരുന്നുകൾ ഓഡിറ്റ് തിയ്യതി വരെയും (5/12/2016) ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | ബിൽ തുക | ഡി.ഡി.നം./തിയ്യതി/തുക | ലഭിച്ചത് | സപ്ളൈ ചെയ്യാനവശേഷിക്കുന്നത് |
|---|---|---|---|---|
| S0073/16 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ | P11/2015-16,30.01.2016 | 188137-9.2.2016-250000 | 100000 | 150000രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. |
| SO 072/16 പരിരക്ഷ | പി21/15-16 /26.03.2016/ 299755/- | 192808/11.04.2016 /269600,(KMSCL) | 151496 | 118104 രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. |

ആയതിൻമേൽ സ്വീകരിച്ച നടപടിക്രമങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/15.12.2016 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഫോൺ മുഖേന അന്വേഷിച്ചപ്പോൾ കേരള സംസ്ഥാന ഹോമിയോപതിക് സഹകരണ ഫാർമസി സംസ്ഥാനമൊട്ടാകെ മരുന്ന് വിതരണം നടത്തുന്നതിനാൽ കാലതാമസം നേരിടും എന്നറിയിച്ചു. മരുന്ന എത്രയും വേഗം ലഭ്യമാക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസറെയും പഞ്ചായത്ത് പ്രസിഡന്റിനേയും വിവരം ധരിപ്പിച്ചെന്നും അവർ പ്രസ്തുത സ്ഥാപനങ്ങളുയി ബന്ധപ്പെടുകയും ചെയ്തിട്ടുള്ളതാണ് എന്ന മറുപടിയാണ് നൽകിയിട്ടിള്ളത്.

അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്

## 3-10 അങ്കണവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ - ടെണ്ടർ ക്ഷണിക്കാതെ വാങ്ങൽ നടത്തി

പ്രൊജക്ട് നമ്പർ:68/16

അടങ്കൽ :400000/- MG (NR)

ചെലവ് ;400000/- ട്രഷറി ബിൽ നം.11/1.2.16

പ്രൊജക്ടിന്റെ ഭാഗമായി ഇൻവോയിസ് നമ്പർ.SMCMJ10373/28.12.15 പ്രകാരം സിഡ്കോയിൽ നിന്നും താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | സാധനം | നികുതി നിരക്ക് | വില | എണ്ണം | ആകെ വില |
|---|---|---|---|---|---|
| 1 | ഊഞ്ഞാൽ | 14.5 | 23502 | 6 | 141012.00 |
| 2 | മെറി ഗോ റൗണ്ട് | 5 | 22857 | 6 | 137142.00 |
| 3 | 4 സീറ്റഡ് ഫൈബർ ഹോഴ്സ് | 5 | 2095 | 42 | 87990.00 |
| നികുതി ഉൾപ്പെടെ ആകെ 400000.00 | | | | | |

മേൽപ്പറഞ്ഞ സാധനങ്ങൾ ടെണ്ടർ ക്ഷണിക്കാതെ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഈ സാധനങ്ങൾക്ക് വില നിർണ്ണയിച്ചും കൊണ്ടും, സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടുമുള്ള സർക്കാർ ഉത്തരവുകൾ ഒന്നും നിലവിലില്ല. ആയതിനാൽ സിഡ്കോ മേൽപ്പറഞ്ഞ പ്രകാരം ഈടാക്കിയ വിലയുടെ സ്വീകാര്യത വ്യക്തമല്ല. ഈ സാഹചര്യത്തിൽ, ടെണ്ടർ നടപടിക്രമം പാലിക്കാതെ മേൽപ്പറഞ്ഞ സാധനങ്ങൾ വാങ്ങിയത് സർക്കാർ ഉത്തരവ് (പി)259/2010/ത.സ്വ.ഭ.വ തീയ്യതി.8.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകളുടെ ലംഘനമാണ്.

അപാകതയുടെ വെളിച്ചത്തിൽ ചെലവ് തുക 400000.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-11 തീണ്ടാപ്പടി കുടിവെള്ള പദ്ധതി - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം. :156/16

അടങ്കൽ : 169900. പ്ലാൻഫണ്ട്

300000 . ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്

130100. തനത് ഫണ്ട്.

600000

ചെലവ് :169900. ട്രഷറി ബിൽ നം.70/31.3.16

300000. ട്രഷറി ബിൽ നം.69/31.3.16

125216. ചെക്ക് നം.5202921/30.3.16

കരാർ നം. : 40/AS/LSGD/VGP/15-16

എം.ബുക്ക് നം :35/15-16,39/15-16

കൺവ്വീനർ :ചന്ദ്രൻ പുന്നക്കൽ

നിർവ്വഹണം :അസിസ്റ്റന്റ് എഞ്ചിനീയർ.

ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

എ) ട്രഞ്ച് എടുത്തതിലും അധികം അളവിൽ പൈപ്പ് ഇട്ടു.

ട്രഞ്ച് കീറി പൈപ്പ് ഇടുന്ന പ്രവർത്തി എസ്റ്റിമേറ്റ് അനുസരിച്ച് നിർവ്വഹിക്കേണ്ടുന്നതും, യഥാർത്ഥത്തിൽ നിർവ്വഹിച്ചതും താഴെ പട്ടികയിൽ പറയും പ്രകാരമാണ്.

| എസ്റ്റിമേറ്റ് | | | നിർവ്വഹണം | |
|---|---|---|---|---|
| ഐറ്റം നമ്പർ | പ്രവൃത്തി | അളവ്,യൂണിറ്റ് നിരക്ക് | അളവ് | അനുവദിച്ച തുക |
| 1 | പൈപ്പ് ഇടുന്നതിന് ട്രഞ്ച് കീറൽ<br>110 എം.എം. ഡയ<br>510 മീറ്റർ<br>63 എം.എം. ഡയ<br>620 മീറ്റർ<br>(1130 മീറ്റർ നീളത്തിൽ ) | 565 എം.3 178.70 രൂപ എം.3 | 559എം3 (1118 മീറ്റർ നീളത്തിൽ) എം.ബുക്ക് 35/15-16 പേജ്.നം.1 മുതൽ 4 വരെ | 559എം3x 178.70=99893.30 |
| 3 | പൈപ്പ് ഇടൽ 110 എം.എം. ഡയ | 510 മീറ്റർ<br>308.34 രൂപ മീറ്ററിന് | 513മീറ്റർ<br>എം.ബുക്ക് 35/15-16 പേജ്.നം.6 | 513മീറ്റർx308.3 4 =158178.42 |
| 4 | പൈപ്പ് ഇടൽ 63 എം.എം. ഡയ | 620 മീറ്റർ<br>125.45 രൂപ മീറ്ററിന് | 628മീറ്റർ<br>എം.ബുക്ക് 35/15-16 പേജ്.നം.7 മുതൽ 9 വരെ | 628മീറ്റർx125.45 =78782.60 |

മേൽപ്പറഞ്ഞതിൽ നിന്നും ആകെ 1118 മീറ്റർ നീളത്തിൽ ട്രഞ്ച് കീറിയിട്ടുള്ളുവെങ്കിലും 1141 മീറ്റർ നീളത്തിൽ (513+628) പൈപ്പ് സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. ട്രഞ്ച് എടുക്കാതെ പി.വി.സി പൈപ്പ് സ്ഥാപിക്കാൻ സാധ്യമല്ല എന്നതിനാൽ അധികമായി സ്ഥാപിച്ചതായി രേഖപ്പെടുത്തിയ 23 മീറ്റർ ( 1141-1118) പൈപ്പിന്റെ അളവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഏതു കനത്തിലുള്ള പൈപ്പാണ് അളവിൽ കൂടുതൽ കാണിച്ചത് എന്ന് അറിയാൻ കഴിയാത്തതിനാൽ രണ്ടിന്റെയും പകുതി വീതം കണക്കാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ കൺവ്വീനർക്ക് അധികം നൽകാനിടയായ 4991 രൂപ (125.45+308.34/2x23) കൺവ്വീനറിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്.

ബി) ഉണഭോക്തൃ സമിതികൾ മുഖേന പ്രവൃത്തി നിർവ്വഹിക്കുന്നതു സംബന്ധിച്ച നിബന്ധനകൾ പാലിച്ചിട്ടില്ല.

ഉണഭോക്തൃ സമിതി മിനട്സ്, കമ്മിറ്റി അംഗങ്ങളുമായി ഒപ്പു വയ്ക്കേണ്ട കരാർ, കാഷ് ബില്ലുകൾ, മസ്റ്റർ റോളുകൾ , ആകെ ചെലവഴിച്ച തുക കമ്മറ്റി അംഗീകരിച്ചതിന്റെ സ്റ്റേറ്റ്മെന്റ്, പാസ് ബുക്ക് എന്നിങ്ങനെ ഒരു രേഖയും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകത പരിഹരിക്കേണ്ടതാണ്.

## 3-12 പ്രതീക്ഷ പദ്ധതി - അധിക നിരക്കിൽ ഹോണറേറിയം നൽകിയതും മറ്റ് അപാകതകളും

പ്രൊജക്ട് നമ്പർ:63/16

അടങ്കൽ :400000/- പ്ലാൻ ഫണ്ട്

100000/- ബ്ലോക്ക് ഫണ്ട്

500000 ചെലവ് :43600/- ട്രഷറി ബിൽ നം.13/19.2.16

ഭിന്നശേഷിയുള്ള കുട്ടികൾക്കായി ബഡ്സ് സ്കൂൾ മാതൃകയിൽ ഗ്രാമപഞ്ചായത്തിലെ പറവണ്ണയിൽ സ്ഥാപിച്ചിട്ടുള്ള ഡേകെയർ സെന്ററിലെ ആയമാർക്ക് ഓണറേറിയം നൽകുന്നതിന്, ഈ പ്രോജക്ട് പ്രകാരം , മേൽപ്പറഞ്ഞ ബിൽ അനുസരിച്ച് 43600 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം | പേര് | 6/16 | 7/16 | 8/16 | 9/16 | 10/16 | 11/16 | 12/16 | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | നിഷ | @200x18=3600 | | | | | | | 3600 |
| 2 | തങ്കമണി | 3600 | 3600 | 2600 | | | | 3200 | 13000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3 | ഉഷ | | 3600 | 2600 | 3000 | | | | 9200 |
| 4 | സുനന്ദ | | | | 3000 | 3000 | 2800 | | 8800 |
| 5 | ലിസി | | | | | 3000 | 2800 | 3200 | 9000 |
| ആകെ | | 7200 | 7200 | 5200 | 6000 | 6000 | 5600 | 6400 | 43600 |

പ്രതിദിനം 200 രൂപ നിരക്കിൽ ഓണറേറിയം നിജപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്.ഇതു സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കണ്ടു.

എ) അധിക നിരക്കിൽ ഓണറേറിയം നൽകി

സർക്കാർ ഉത്തരവ് നം.(എം.എസ്)362/2003/തസ്വഭവ തീയ്യതി 16.11.2013 ഖണ്ഡിക.5.9 പ്രകാരം മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ 29.6.2009 ലെ 148/2009/തസ്വഭവ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കാവുന്നതാണ്. ഈ ഉത്തരവ് അനുസരിച്ച് ബഡ്സ് സ്കൂളുകളിലെ ആയമാർക്ക്/ഹെൽപ്പർമാർക്ക് (പത്താംതരം വരെ പഠനം പൂർത്തീകരിച്ചവരായിരിക്കണം.) പ്രതിമാസം 3600 രൂപ ഓണറേറിയം നൽകാവുന്നതാണ്. അതായത് പ്രതിദിനം 3600/30=120 രൂപ. ആയതിനാൽ മേൽപ്പട്ടികയിൽ പറഞ്ഞ പ്രകാരം 218 ദിവസം (43600/200=218) പ്രവർത്തി എടുത്തതിന് അനുവദിക്കാവുന്ന ആകെ ഓണറേറിയം 120x218=26160 രൂപ മാത്രമാണ്. (രണ്ട് ആയമാർക്ക് പ്രതിമാസം 7200 രൂപയിൽ (3600x2) അധികരിക്കാത്ത വിധത്തിലാണ് പ്രോജക്ട് പ്രകാരം ഓണറേറിയം അനുവദിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ പ്രതിമാസം ആയമാരുടെ 60 പ്രവൃത്തി ദിനം ലഭിക്കുന്നതിന് പകരം ശരാശരി 30 പ്രവൃത്തി ദിനം മാത്രമാണ് ലഭ്യമായിട്ടുള്ളത് ). എന്നാൽ ഇതിനു പകരം 218x200=43600 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഈ ഇനത്തിൽ 17440 രൂപ (43600- 26160) അധികച്ചെലവ് വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (7/15.12.16) നൽകിയിരുന്നുവെങ്കിലും മറുപടി തന്നിട്ടില്ല. ഈ സാഹചര്യത്തിൽ അധികം ചെലവഴിച്ച 17440 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു.

ബി) പഞ്ചായത്ത് തീരുമാനം ഹാജരാക്കിയിട്ടില്ല.

2014-15 ൽ ആയമാർക്ക് പ്രതിമാസം 2000 രൂപ നിരക്കിലാണ് ഓണറേറിയം നൽകിയിരുന്നത്. ഇത് തൻവർഷം പ്രതിദിനം 200രൂപയായി നിജപ്പെടുത്തിയതിന്റെ തീരുമാനം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

സി) ആയമാരുടെ നിയമനം - വിശദ വിവരം ലഭ്യമല്ല.

ഡേകെയർ സെന്ററിൽ തൻവർഷം പത്ത് കുട്ടികൾ മാത്രമെ ഉള്ളുവെന്ന് ഇത് സംബന്ധിച്ച അന്വേഷണത്തിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അഞ്ച് ആയമാരെ സ്ഥാപനത്തിൽ നിയമിക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 3-13 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിലെ അപാകതകൾ

പ്രൊജക്ട് നമ്പർ:62/16

അടങ്കൽ :600000/- ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്

300000/- ബ്ലോക്ക് ഫണ്ട്

300000/- ജില്ലാപഞ്ചായത്ത് ഫണ്ട്

1200000 ചെലവ് :1000000/- രൂപ

പ്രോജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

എ) സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

ഈ പ്രോജക്ട് പ്രകാരം സ്കോളർഷിപ്പ് കൈപ്പറ്റിയ താഴെ പറയുന്ന വിദ്യാർത്ഥികൾ അർഹത തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡ് അനുവദിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| അക്വിറ്റൻസിലെ ക്രമ നമ്പർ | പേര് | കൈപ്പറ്റിയ ധനസഹായം | ഡി.ഡി.നമ്പർ, ട്രഷറി ബിൽ നമ്പർ |
|---|---|---|---|
| 10 | മുഹമ്മദ് അസ്ലം s/o സലീന | 3000.00 | 879881/13.12.15, 4/28.9.15 (SFC) |
| | | 15723.00 | 459947/25.4.16, 21/30.3.16 (SFC) |
| 27 | മുഹമ്മദ് അസ്ലം s/o അബ്ദുൾ മജീദ് | 12723.00 | 459946/25.4.16, 21/30.3.16 (SFC) |
| ആകെ 31446.00 | | | |

ബി) മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉള്ളവർക്ക് സ്കോളർഷിപ്പ് നൽകി.

ഇതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| അക്വിറ്റൻസിലെ ക്രമ നമ്പർ | പേര് | കൈപ്പറ്റിയ ധനസഹായം | ഡി.ഡി.നമ്പർ, | അപാകത |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ട്രഷറി ബിൽ നമ്പർ | |
| 59 | അൻസിഫ് നിഹാൽ s/o മൊയ്തീൻ കുട്ടി | 15723.00 | 459996/25.4.16, 21/30.3.16 (SFC) | റേഷൻ കാർഡ് നം.2054054667 പ്രകാരം മംഗലം ഗ്രാമപഞ്ചായത്തിലാണ് താമസം. |
| 32 | പുലരി പണിക്കർ d/o പ്രീത.കെ.എസ്, | 3000.00 | 879884/13.10.15, 4/28.9.15(SFC) | ആധാർകാർഡ്.നം.631614770489 പ്രകാരം പുലരി പണിക്കർ കോട്ടയം ജില്ലയിൽ വെല്ലൂരിലെ കാരപ്പുഴ എന്ന സ്ഥലവാസിയാണ്. വെട്ടം ഗ്രാമപഞ്ചായത്തിൽ വാടകക്ക് താമസമാണെന്ന് തെളിയിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി നൽകിയ 5.11.12 ലെ A8/7938/12 നമ്പർ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വെട്ടം പഞ്ചായത്തിൽ സ്ഥിരതാമസമാണെന്ന് കാണിക്കുന്നതിന് റേഷൻ കാർഡ് മുതലായ രേഖകൾ ഹാജരാക്കിയിട്ടില്ല. കോട്ടയം ജില്ലയിലെ താമസ സ്ഥലം ഉൾപ്പെടുന്ന പഞ്ചായത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| | | 12723.00 | 459969/25.4.16, 21/30.3.16 (SFC) | |
| ആകെ 31446.00 | | | | |

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (6/15.12.16) നൽകിയിരുന്നുവെങ്കിലും മറുപടി തന്നിട്ടില്ല.

അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക 62892 രൂപ (31446x2) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-14 അംഗനവാടി പൂരക പോഷകാഹാരം - ഭക്ഷ്യ ധാന്യങ്ങൾക്ക് അധിക വില നൽകി

പ്രൊജക്ട് നമ്പർ:64/15-16

അടങ്കൽ :2800000/- പ്ലാൻ ഫണ്ട്

300000/- പ്രത്യേക ഗ്രാന്റ്

1200000/-

4300000 ചെലവ് :3644630/-

അംഗനവാടികളിലേക്ക് പൂരക പോഷണം ലഭ്യമാക്കുന്നതിനുള്ള ഈ പ്രോജക്ടിന്റെ ഭാഗമായി താഴെ പറയുന്ന ബില്ലുകൾ പ്രകാരം തിരൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് മാർക്കറ്റിംഗ് സൊസൈറ്റിയിൽ നിന്നും അംഗൻവാടികളിലേക്ക് ഭക്ഷ്യ ധാന്യം വാങ്ങി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നംമ്പർ | ബിൽ നമ്പർ, തീയ്യതി | തുക | ഡി.ഡി നമ്പർ | ട്രഷറി ബിൽ നമ്പർ |
|---|---|---|---|---|
| 1 | 61/12.5.15 | 40500 | 415259/23.6.15 | 1/22.6.15 |
| 2 | 65/3.6.15 | 483203 | 415259/23.6.15 | 1/22.6.15 |
| 3 | 72/24.8.15 | 411032 | 418538/30.9.15 | 2/28.9.15 |
| 4 | 75/26.9.15 | 41850 | 418538/30.9.15 | 2/28.9.15 |
| 5 | 80/24.11.15 | 439728 | 881804/22.12.15 | 5/18.12.15 |
| 6 | 88/26.2.16 | 629193 | 191782/31.3.16 | 15/21.3.16<br>16/21.3.16 |
| 7 | 95/26.3.16 | 148523 | 192296/6.4.16 | ചെക്ക്:<br>4548075/29.3.16 |
| ആകെ 2194029 | | | | |

സർക്കുലർ നമ്പർ.5814/C.D.2/2010/LSGD തീയ്യതി.4.5.11 പ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ വിലയിൽ അധികരിക്കാത്ത വിലക്ക് നീതിസ്റ്റോർ, സഹകരണ സ്ഥാപനങ്ങൾ മുതലായ സ്ഥാപനങ്ങളിൽ നിന്നും അംഗനവാടികളിലേക്കാവശ്യമുള്ള ഭക്ഷ്യ സാധനങ്ങൾ വാങ്ങി നൽകാവുന്നതാണ്. എന്നാൽ മേൽ ബില്ലുകൾ പ്രകാരം വാങ്ങിയ സാധനങ്ങളുടെ വില സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിലവിവര പട്ടികയുമായി ഒത്തുനോക്കി പരിശോധിച്ചപ്പോൾ ചില സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ വിലയിൽ അധികരിച്ച വിലക്കാണ് വാങ്ങിയിട്ടുള്ളത് എന്ന് കണ്ടു. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | ബിൽ നമ്പർ, തീയ്യതി | സാധനം | വില | തൂക്കം.kg | ആകെ | ഇതേ തീയതിയിലെ സിവിൽ സപ്ലൈസ് വില | സിവിൽ സപ്ലൈസ് ആകെ വില | നിരക്ക് പ്രകാരം വ്യത്യാസം |
|---|---|---|---|---|---|---|---|---|
| 1 | 65/3.6.15 | വെളിച്ചെണ്ണ | 155.00 | 433 | 67115 | 153.86 | 66621 | 494.00 |
| | | റാഗി | 32.00 | 3650 | 116800 | 25.00 | 91250 | 25550.00 |
| | | ചെറുപയർ | 108.07 | 505 | 54575 | 98.00 | 49490 | 5085.00 |
| ആകെ അധികം 31129.00 | | | | | | | | |
| 2 | 61/12.5.15 | അരി | 27.00 | 1500 | 40500 | 25.00 | 37500 | 3000.00 |
| ആകെ അധികം 3000.00 | | | | | | | | |
| 3 | 72/24.8.15 | റാഗി | 31.00 | 3650 | 113150 | 22.00 | 80300 | 32850.00 |
| | | വെളിച്ചെണ്ണ | 148.00 | 381 | 56388 | 117.60 | 44805.60 | 11582.00 |
| | | ചെറുപയർ | 108.00 | 310 | 33480 | 80.00 | 24800 | 8680 |
| ആകെ അധികം 53112 | | | | | | | | |
| 4 | 75/26.9.15 | റാഗി | 31.00 | 1350 | 41850 | 22.00 | 29700 | 12150.00 |
| ആകെ അധികം 12150.00 | | | | | | | | |
| 5 | 80/24.11.15 | റാഗി | 33.00 | 2350 | 77750 | 22.00 | 51700 | 26050.00 |
| | | വെളിച്ചെണ്ണ | 130.00 | 440 | 57200 | 125.44 | 55193.60 | 2006.00 |
| | | ഉഴുന്ന് പരിപ്പ് | 171.70 | 300 | 51510 | 150.00 | 45000 | 6510.00 |
| ആകെ അധികം 34566.00 | | | | | | | | |
| 6 | 88/26.2.16 | റാഗി | 34.00 | 4250 | 144500 | 24.00 | 102000 | 42500.00 |
| | | വെളിച്ചെണ്ണ | 108.00 | 560 | 60480 | 104.86 | 58721.60 | 1758.00 |
| | | ഉഴുന്ന് പരിപ്പ് | 171.70 | 390 | 66963 | 151.00 | 58890 | 8073.00 |
| | | ചെറുപയർ | 113.12 | 630 | 71265.60 | 96 | 60480 | 10785.00 |
| ആകെ അധികം 63116.00 | | | | | | | | |
| ആകെ മൊത്തം അധികം 197073 | | | | | | | | |

കുറിപ്പ്:- സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജർ എല്ലാ റീജിനൽ മാനേജർമാർക്കും, ഡിപ്പോട്ട് മാനേജർമാർക്കും അയച്ച താഴെ പറയുന്ന കത്തുകളിലെ വില നിലവാരം അടിസ്ഥാനമാക്കിയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ വില കണക്കാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | കത്തിന്റെ നമ്പർ, തീയ്യതി | ബന്ധപ്പെട്ട മാസം |
|---|---|---|
| 1 | M2.7850/2015(6) Dated.30.4.15 | 5/2015 |
| 2 | M2.7850/2015(4) Dated.29.5.15 | 6/2015 |
| 3 | M2.7850/2015(4) Dated.31.7.15 | 8/2015 |
| 4 | M2.7850/2015(4) Dated.31.8.15 | 9/2015 |
| 5 | M2.7850/2015(4) Dated.31.10.15 | 11/2015 |
| 6 | M2.7850/2015(4) Dated.30.1.16 | 2/2016 |

ഗ്രാമപഞ്ചായത്തിലെ മാവേലി സ്റ്റോറിലെ ഷോപ്പ് മാനേജരുടെ കത്തിന്റെ വെളിച്ചത്തിൽ, മാവേലി സ്റ്റോറിൽ നിന്നും അംഗൻ വാടികൾക്കാവശ്യമായ ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകുന്നതിന്, 19.5.15 ലെ തന്റെ കത്ത് പ്രകാരം ഐ.സി.ഡി.എസ് ഓഫീസർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി മുമ്പാകെ അപേക്ഷ സമർപ്പിച്ചതായി ഭരണ സമിതി മിനുട്സ് പരിശോധിച്ചപ്പോൾ കാണുകയുണ്ടായി. എന്നാൽ സർക്കുലർ നമ്പർ.5814/C.D.2/2010/LSGD തീയ്യതി.4.5.11 ൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ (വില സംബന്ധിച്ചത്) പാലിക്കപ്പെടുന്നുണ്ട് എന്ന അനുമാനത്തിൽ മുൻ വർഷത്തെപ്പോലെ തൻ വർഷവും തിരൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് മാർക്കറ്റിംഗ് സൊസൈറ്റിയിൽ നിന്നും ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നത് തുടരുവാൻ 4(7)/20.5.2015 നമ്പർ തീരുമാനപ്രകാരം ഭരണസമിതി തീരുമാനിക്കുകയാണുണ്ടായത്. ആയതിനാൽ തൻവർഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിലയിൽ അധികരിച്ച വിലക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങിയതുമൂലം ഉണ്ടായിട്ടുള്ള അധികച്ചിലവിന് ഭരണ സമിതി മുമ്പാകെ ശരിയായ കണക്കുകൾ സമർപ്പിക്കുന്നതിൽ വീഴ്ച്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥർക്കും, ഐ.സി.ഡി.എസ് ഓഫീസറോട് വില വ്യത്യാസം വ്യക്തമാക്കുന്ന താരതമ്യ സ്റ്റേറ്റ്മെന്റ് ഹാജരാക്കാൻ ആവശ്യപ്പെടാതെ, വിലവ്യത്യാസം ഉണ്ടാകില്ല എന്ന അനുമാനത്തെ മാത്രം അടിസ്ഥാനമാക്കി, മാവേലി സ്റ്റോറിൽ നിന്നും വാങ്ങൽ നടത്തുന്നതിന് അനുമതി നൽകാതിരുന്ന ഭരണ സമിതി അംഗങ്ങളും ഉത്തരവാദികളാണ്. (20-05-2015 ലെ മീറ്റിംഗിൽ ഹാജരായി അനുകൂല

തീരുമാനമെടുത്തവർ)

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം. 1/13.12.16 പ്രകാരം ആവശ്യപ്പെട്ടിരുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിലയിൽ അധികരിക്കാത്ത വിലക്കാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത് എന്നാണ് ഇതിന് പ്രസ്തുത കാലയളവിലെ പ്രസിഡണ്ട് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഈ മറുപടി വസ്തുതകൾക്ക് വിരുദ്ധമായതിനാൽ സ്വീകാര്യമല്ല. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ വിധം അധികം ചെലവഴിച്ച 197073 രൂപ പ്രസ്തുത അധികച്ചെലവിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെയും ഭരണ സമിതി അംഗങ്ങളുടെയും ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-15 ആശ്രയ പദ്ധതി അവലോകനം

സമൂഹത്തിലെ നിരാശ്രരായ അഗതികുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും കുടുംബശ്രീ മുഖേന നടപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ആശ്രയ. വെട്ടം ഗ്രാമ പഞ്ചായത്ത് 2006 മുതൽ 2009 വരെയുള്ള കാലയളവിലാണ് ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2016-17 വർഷത്തിൽ പഞ്ചായത്ത് ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പാക്കി വരുന്നു. 2006-09 കാലയളവിലേക്കായി അംഗീകാരം നേടിയ പദ്ധതിയിൽ 156 ഗുണഭോക്താക്കളെ (58 കുടുംബങ്ങൾ) ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി പ്ളാൻ ഫണ്ടിൽ നിന്നും 14,98,250 രൂപയും ചലഞ്ച് ഫണ്ടിൽ നിന്നും 13,37,500 രൂപയും മാത്രമാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത്. ആകെ 28,35,750 രൂപ ലഭ്യമായിട്ടുണ്ട്. 43,75,000 രൂപ അടങ്കലുള്ള പദ്ധതിക്ക് ഇതുവരെ 26,88,291 രൂപ ചെലവായിട്ടുണ്ട്. കാനറാ ബാങ്ക് (Tirur Branch) 1025101054279 നം പ്രകാരമുള്ള അക്കൗണ്ടിലാണ് ആശ്രയ പദ്ധതിക്ക് വേണ്ടി ലഭ്യമായ തുകകൾ ഇട്ടിരിക്കുന്നത്. ഈ അക്കൗണ്ടിൽ 4.7.16 ന് 2,36,865 രൂപ നീക്കിയിരിപ്പുണ്ട്.

പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണവും പദ്ധതിയിലൂടെ ആനുകൂല്യം ആനുകൂല്യം ലഭിച്ചവരുടെ എണ്ണവും താഴെ പറയുന്നു.

| ഇനം | എണ്ണം | ഗുണം ലഭിച്ചവരുടെ എണ്ണം (വിവിധ പദ്ധതികളിലൂടെ) | ചെലവഴിച്ച തുക |
|---|---|---|---|
| പ്രൊജക്ട് പ്രകാരം വീട് ആവശ്യമുള്ളവർ | 55 | 41 | 12,05,000 |
| സ്ഥലം ആവശ്യമുള്ളവർ | 32 | 17 | 3,70,000 |
| കക്കൂസ് ആവശ്യമുള്ളവർ | 55 | 26 | 1,04,000 |
| കുടിവെള്ളം ആവശ്യമുള്ളവർ | 55 | 30 | 4,50,000 |
| ചികിൽസ | 27 | 54 | 21,034 |
| വിദ്യാഭ്യാസം | 19 | 16 | 20,655 |
| സ്വയം തൊഴിൽ | 19 | 18 | 1,80,000 |
| ഭക്ഷണം | 31 | 54 | 2,00,315 |
| വൈദ്യുതീകരണം | 55 | 28 | 28,000 |
| പെൻഷൻ | 27 | 14 | 63,507 |
| വീട് റിപ്പയർ | 2 | 3 | 45,000 |

കൂടാതെ പദ്ധതിക്ക് വേണ്ടി പ്രാരംഭ ചെലവിനത്തിൽ 780 രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി റീവിസിറ്റ് ചെയ്ത് 21,26,240 രൂപ കൂടി ഉൾപ്പെടുത്തി അടങ്കൽ 65,01,240 രൂപയാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചില ഇനങ്ങൾക്ക് ഗുണഭോക്താക്കൾ കൂടി (ഉദ: വീട് റിപ്പയർ, ഭക്ഷണം, ചികിൽസ). വളരെ കുറച്ച് ഗുണഭോക്താക്കൾ മാത്രമാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നിട്ടും ഇവർക്ക് മുഴുവനായി ആനുകൂല്യം ലഭ്യമാക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. പദ്ധതി റീവിസിറ്റ് ചെയ്ത് അടങ്കലിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിലും പ്രതിമാസ റിപ്പോർട്ട് അയക്കുന്നതിൽ പഴയ അടങ്കലാണ് രേഖപ്പെടുത്തി കാണുന്നത്.

SO65/16 ആയി ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം 2015-2018 കാലയളവിലേക്കായി തുടങ്ങിയിട്ടുണ്ട്. 1,02,00,500 രൂപയുടെ അടങ്കലുള്ള ഈ പദ്ധതിയിൽ 89 ഗുണഭോക്താക്കളാണ് (28 കുടുംബങ്ങൾ) ഉള്ളത്. പദ്ധതിയിൽ സ്ഥലം, വീട് എന്നിവ ആവശ്യമുള്ള ഗുണഭോക്താക്കൾ കക്കൂസ്, കുടിവെള്ളം, വൈദ്യുതീകരണം എന്നീ ഇനങ്ങളുടെയും ഗുണഭോക്താക്കളായി വന്നിട്ടില്ല.

ഗ്രാമ പഞ്ചായത്ത് നടപ്പാക്കുന്ന മറ്റ് പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരെ പരിഗണിക്കേണ്ടതാണ്. പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. ആശ്രയ പദ്ധതിയുടെ നടത്തിപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര്,നമ്പർ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2015-16 | 150000 | പരിരക്ഷ 72/16 | 0 | 150000 |
| | | 300000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് 62/16 | 300000 | 0 |
| | | 100000 | പ്രതീക്ഷ പദ്ധതി 63/16 | 0 | 100000 |
| ജില്ലാ പഞ്ചായത്ത് | | 100000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് 62/16 | 100000 | -- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ 9/16 | 882711 | 199862 | 199862 | ഇല്ല. |
| കെ.എസ്.ഇ.ബി | ഫോൺ ലൈൻ വലിക്കൽ 10/16 | 882716 | 99828 | 99828 | ഇല്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12,2012-13 | 2(2) | 16250 | ഷോപ്പ് മാനേജർ, മാവേലി സ്റ്റോർ, പരിയാപുരം | 11505103339/11.1.16 |
| 2011-12,2012-13 | 2(2) | 16250 | ഷോപ്പ് മാനേജർ, മാവേലി സ്റ്റോർ, ആലിശ്ശേരി | 11505103340/11.1.16 |
| 2011-12,2012-13 | 2(2) | 16250 | കെ.എസ്.ഇ.ബി. ഇലക്.സെക്ഷൻ, തിരൂർ | 11505103512/25.1.16 |
| 2011-12,2012-13 | 2(3) | 5000 | കെ.സി.മുഹമ്മദ് കുട്ടി,കാപ്പാട്ടകത്ത് പറമ്പിൽ, വെട്ടം | 11505103104/16.12.15 |
| 2011-12,2012-13 | 2(3) | 2500 | ആലിക്കുട്ടി.ടി. മുക്കാട്ടിൽ,വെട്ടം | 11505103112/17.12.15 |
| 2011-12,2012-13 | 2(3) | 5000 | കെ.കറപ്പൻ, കുറ്റിയിൽ, വെട്ടം | 11505103553/28.01.16 |
| 2011-12,2012-13 | 2(3) | 5000 | എ.ബാലൻ, ആറ്റിങ്ങൽ വീട്. | 11505104757/31.03.16 |
| 2011-12,2012-13 | 2(3) | 2500 | ടി.ബാലൻ, തലാപ്പിൽ, വെട്ടം | 11505103168/21.12.15 |
| 2011-12,2012-13 | 3(8) | 840 | ബീന.പി.കെ. ഐ.സി.ഡി.എസ്. വെട്ടം | 11505102629/28.10.15 |
| 2011-12,2012-13 | 3(9) | 748 | ബീന.പി.കെ. ഐ.സി.ഡി.എസ്. വെട്ടം | 11505102630/28.10.15 |

| | | | | |
|---|---|---|---|---|
| 1989-90,90-91 | 7(2),7(3) | 33 | സെക്രട്ടറി | 11505103844/20.02.16 |
| ആകെ | | 70371 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 85974878 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 108446914 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 11445 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 569504 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6048743 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 756 | | ശ്രീ.ശശികുമാർ.കെ.<br>സെക്രട്ടറി |
| 2-2 | 4391 | | ശ്രീ.അബ്ദുൽ സലീം.ടി.(അസി.സെക്രട്ടറി)സെക്രട്ടറി ഇൻ ചാർജ് |
| 2-2 | 6298 | | ശ്രീ.ജയരാജൻ.പി.<br>സെക്രട്ടറി |
| 3-1 | | 350000 | ശ്രീ.അബ്ദുൽ സലീം.ടി.(അസി.സെക്രട്ടറി)സെക്രട്ടറി ഇൻ ചാർജ് |
| 3-11 | | 4991 | ശ്രീ.അജയ് കുമാർ,<br>അസി.എൻജിനിയർ |
| 3-12 | | 17440 | ശ്രീമതി.ദാക്ഷായണി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-14 | | 1705.68 | ശ്രീമതി.സൈനബ.കെ.ടി.,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-14 | | 4989.88 | ശ്രീമതി.രമ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-14 | | 3158.09 | ശ്രീമതി.ദാക്ഷായണി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-14 | | 9853.65 | ശ്രീ.മണി എന്ന സുധാകരൻ പി.പി.,<br>മെമ്പർ(വാർഡ്-1) |
| 3-14 | | 9853.65 | ശ്രീ.സൈനുദ്ദീൻ കെ,<br>മെമ്പർ (വാർഡ്-2) |
| 3-14 | | 9853.65 | ശ്രീമതി.രജനി പി.പി.<br>മെമ്പർ (വാർഡ്-4) |
| 3-14 | | 9853.65 | ശ്രീമതി.സിന്ധു കെ.,<br>മെമ്പർ (വാർഡ്-5) |
| 3-14 | | 9853.65 | ശ്രീമതി.ഫാത്തിമ. എം.,<br>മെമ്പർ (വാർഡ്-6) |
| 3-14 | | 9853.65 | ശ്രീമതി.സുഹറ.സി.,<br>മെമ്പർ,(വാർഡ്-7) |

| | | | |
|---|---|---|---|
| 3-14 | | 9853.65 | ശ്രീ.ബഷീർ എം<br>മെമ്പർ (വാർഡ്-8) |
| 3-14 | | 9853.65 | ശ്രീമതി.ദിൽഷ മുലശ്ശേരി,<br>മെമ്പർ (വാർഡ്-9) |
| 3-14 | | 9853.65 | ശ്രീമതി.സുമയ്യത്ത് ബീവി.പി.കെ.<br>,മെമ്പർ (വാർഡ്-10) |
| 3-14 | | 9853.65 | ശ്രീ.സി.എം.മുഹമ്മദ്<br>മെമ്പർ (വാർഡ്-11) |
| 3-14 | | 9853.65 | ശ്രീമതി.ആയിശ കാരാട്ടു കടവത്ത്<br>മെമ്പർ (വാർഡ്-12) |
| 3-14 | | 9853.65 | ശ്രീമതി.പി.പി.സി.മൈമൂന,<br>മെമ്പർ ,(വാർഡ്-13) |
| 3-14 | | 9853.65 | ശ്രീമതി.കണ്ണിയേരി ശോഭന<br>മെമ്പർ (വാർഡ്-14) |
| 3-14 | | 9853.65 | ശ്രീ.ആർ.കെ. സുകുമാരൻ<br>മെമ്പർ (വാർഡ്-15) |
| 3-14 | | 9853.65 | ശ്രീ.എ.പി.മനാഫ്<br>മെമ്പർ (വാർഡ്-16) |
| 3-14 | | 9853.65 | ശ്രീ.കളരിക്കൽ ജലീൽ<br>മെമ്പർ (വാർഡ്-17) |
| 3-14 | | 9853.65 | മെമ്പർ (വാർഡ്-18) |
| 3-14 | | 9853.65 | ശ്രീ.പി.സൈനുദ്ദീൻ<br>മെമ്പർ (വാർഡ്-19) |
| 3-14 | | 9853.65 | ശ്രീമതി.കുട്ടത്ത് ഫാത്തിമ<br>മെമ്പർ (വാർഡ്-20) |
| ആകെ | 11445 | 571483 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,95,921 | ശ്രീ.ജയരാജൻ.പി., സെക്രട്ടറി |
| 3-5 | 23,83,180 | ശ്രീ.ജയരാജൻ.പി.<br>സെക്രട്ടറി |
| 3-5 | 13,68,750 | ശ്രീ.ശശികുമാർ.കെ.,സെക്രട്ടറി |
| 3-6 | 15,63,000 | ശ്രീ.ജയരാജൻ.പി.,സെക്രട്ടറി |
| 3-7 | 19,500 | ശ്രീ.അബ്ദുസലീം.റ്റി., അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 55500 | ഹരീന്ദ്രൻ, ഹെഡ്മാസ്റ്റർ |
| 3-10 | 400000 | ശ്രീമതി.ദാക്ഷായണി,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-13 | 56892 | ശ്രീമതി.ദാക്ഷായണി,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-13 | 6000 | ശ്രീമതി. രമ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 6048743 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-2 – 19796

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ – ശ്രീ.ജയരാജൻ.പി., സെക്രട്ടറി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| ശ്രീ.ശശികുമാർ.കെ, സെക്രട്ടറി | പി.എ. സൂപ്പർവൈസർ, പി.എ.യു-6,തലക്കാട്, ബി.പി.അങ്ങാടി പി.ഒ | ശശി നിവാസ്, ആലത്തിയൂർ പി.ഒ, തിരൂർ |
| ശ്രീ.അബ്ദുൽസലീം.ടി. (അസി.സെക്രട്ടറി), സെക്രട്ടറി ഇൻ ചാർജ് | വെട്ടം ഗ്രാമ പഞ്ചായത്ത്, വെട്ടം പി.ഒ, തിരൂർ | പീടികപറമ്പിൽ ഹൗസ്, പനമ്പാട്ട് വെസ്റ്റ് പി.ഒ, പുറങ്ങ്, പൊന്നാനി. |
| ശ്രീ. ജയരാജൻ.പി, സെക്രട്ടറി | ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത്, ചേമഞ്ചേരി പി.ഒ, കോഴിക്കോട് | പൊറ്റമ്മൽ ഹൗസ്, പെരുവയൽ പി.ഒ. കോഴിക്കോട് |
| ശ്രീ.അജയ്കുമാർ, അസി.എൻഞ്ചിനിയർ | അസി.എൻഞ്ചിനിയർ, വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത്, ചെറുതുരുത്തി പി.ഒ | പള്ളത്തേരി ഹൗസ്, മറ്റത്തൂർകുന്ന് പി.ഒ., തൃശ്ശൂർ |
| ശ്രീമതി.സൈനബ.കെ.ടി., ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് പ്രോജക്റ്റ് ഓഫീസ്, കുറ്റിപ്പുറം | ചരയൻപറമ്പിൽ, കൊട്ടാരം, വളാഞ്ചേരി പി.ഒ,676552 |
| ശ്രീമതി.രമ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് പ്രോജക്റ്റ് ഓഫീസ്, പൊന്നാനി | സാരംഗി, വഞ്ചേരി നഗർ, തെക്കുംമുറി പി.ഒ, തിരൂർ |
| ശ്രീമതി.ദാക്ഷായണി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് പ്രോജക്റ്റ് ഓഫീസ്, തിരൂർ | പടിക്കപറമ്പ് വീട്, കാരക്കാട് പി.ഒ, കാടാമ്പുഴ |
| ശ്രീ.മണി എന്ന സുധാകരൻ പി.പി. മെമ്പർ(വാർഡ്-1) | | പുഞ്ചപ്പാടത്ത് വീട്, പറവണ്ണ പി.ഒ |
| ശ്രീ.സൈനുദ്ദീൻ കെ, മെമ്പർ(വാർഡ്-2) | | കുഞ്ഞാലകത്ത് വീട്, പറവണ്ണ പി.ഒ |
| ശ്രീമതി.രജനി പി.പി., മെമ്പർ(വാർഡ്-4) | | മുല്ലയിൽ വീട്, പാച്ചാട്ടിരി പി.ഒ |
| ശ്രീമതി.സിന്ദു കെ., മെമ്പർ(വാർഡ്-5) | | ചാനക്ക പറമ്പിൽ വീട്, പാച്ചാട്ടിരി പി.ഒ |
| ശ്രീമതി.ഫാത്തിമ. എം., മെമ്പർ(വാർഡ്-6) | | മുക്കാട്ടിൽ വീട്.പാച്ചാട്ടിരി പി.ഒ |
| ശ്രീമതി.സുഹറ.സി., മെമ്പർ(വാർഡ്-7) | | ചച്ചപറമ്പിൽ വീട്, പറവണ്ണ പി.ഒ |
| ശ്രീ.ബഷീർ എം, മെമ്പർ(വാർഡ്-8) | | മരക്കരകത്ത് വീട്, പാച്ചാട്ടിരി പി.ഒ |

| | | |
|---|---|---|
| ശ്രീമതി.ദിൽഷ മുലശ്ശേരി, മെമ്പർ(വാർഡ്-9) | | മൂലശ്ശരി വീട്, വെട്ടം പി.ഒ. |
| ശ്രീമതി.സുമയ്യത്ത് ബീവി.പി.കെ., മെമ്പർ(വാർഡ്-10) | | കളത്തിൽ വീട്, വെട്ടം പി.ഒ. |
| ശ്രീ.സി.എം.മുഹമ്മദ്, മെമ്പർ(വാർഡ്-11) | | ചേരച്ചം വീട്ടിൽ മാളിയേക്കൽ വീട്, വെട്ടം പി.ഒ. |
| ശ്രീമതി.ആയിശ കാരാട്ട കടവത്ത്, മെമ്പർ(വാർഡ്-12) | | കാരാട്ട കടവത്ത്, വീട്, വെട്ടം പി.ഒ. |
| ശ്രീമതി.പി.പി.സി.മൈമൂന, മെമ്പർ(വാർഡ്-13) | | പാലക്കവളപ്പിൽ പടിഞ്ഞാറെ ഒറ്റയിൽ വീട്, വെട്ടം പി.ഒ. |
| ശ്രീമതി.കണ്ണിയേരി ശോഭന, മെമ്പർ(വാർഡ്-14) | | കണ്ണിയേരി വീട്, വെട്ടം പി.ഒ. |
| ശ്രീ.ആർ.കെ. സുകുമാരൻ, മെമ്പർ(വാർഡ്-15) | | രാമനത്ത് കുറ്റിപറമ്പിൽ വീട്. |
| ശ്രീ.എ.പി.മനാഫ്, മെമ്പർ(വാർഡ്-16) | | ഏനിന്റെ പുരക്കൽ വീട്, വാക്കാട് പി.ഒ. |
| ശ്രീ.കളരിക്കൽ ജലീൽ, മെമ്പർ(വാർഡ്-17) | | കളരിക്കൽ വീട്, വാക്കാട് പി.ഒ. |
| ശ്രീമതി.കളരിക്കൽ മെഹർഷ, മെമ്പർ(വാർഡ്-18) | | കളരിക്കൽ വീട്, വാക്കാട് പി.ഒ. |
| ശ്രീ.പി.സൈനുദ്ദീൻ, മെമ്പർ(വാർഡ്-19) | | മുഹമ്മദ് ഭവൻ, പറവണ്ണ പി.ഒ. |
| ശ്രീമതി.കുട്ടത്ത് ഫാത്തിമ, മെമ്പർ(വാർഡ്-20) | | കുട്ടത്ത് വീട്, പറവണ്ണ പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1967-1968 | എൽ എഫ് എം 7/809/88 തീയതി 14.06.88 | 2 |

| | | |
|---|---|---|
| 1968-1969 | എൽ എഫ് എം 7/810/88 തീയതി 14.06.88 | 21 |
| 1969-1970 | എൽ എഫ് എം 7/811/88 തീയതി 14.06.88 | 36 |
| 1970-1971 | എൽ എഫ് എം 7/812/88 തിയ്യതി 15.06.88 | 33 |
| 1973-1974 | എൽ എഫ് എം 7/813/88 തീയതി 15.06.88 | 2 |
| 1974-1975 | എൽ എഫ് എം 7/814/88 തീയതി 15.06.88 | 2 |
| 1976-1977 | എൽ എഫ് എം 7/815/88 തീയതി 06.06.88 | 5 |
| 1978-1979 | എൽ എഫ് എം 7/817/88 തീയതി 06.06.88 | 10 |
| 1979-1980 | എൽ എഫ് എം 7/818/88 തീയതി 06.06.88 | 13 |
| 1980-1981 | എൽ എഫ് എം 7/819/88 തീയതി 17.06.88 | 16 |
| 1988-1989 | എൽ എഫ് എം 17/1509/2012(6) തീയതി 22.04.13 | 2 |
| 1989-90, 1990-91 | എൽ എഫ് എം 17/1509/2012(7) തീയതി 22.04.13 | 39 |
| 1991-1992, | എൽ എഫ് എം 17/1509/2012(8) തീയതി 20.04.13 | 22 |
| 1992-93 മുതൽ<br>1994-95 വരെ | എൽ എഫ് എം 17/1509/2012(9) തീയതി 20.04.13 | 21 |
| 1995-1996 | എൽ എഫ് എം 17/1509/2012(10) തീയതി 20.04.13 | 1 |
| 1997-1998 | എൽ എഫ് എം 17/1509/2012(12) തീയതി 20.04.13 | 6 |

| | | |
|---|---|---|
| 1998-1999 | എൽ എഫ് എം 17/1509/2012(13) തീയതി 20.04.13 | 6 |
| 1999-2000 | എൽ എഫ് എം 16/228/2005 തീയതി<br>31.05.05/05.01.16 | 18 |
| 2000-2001 | എൽ എഫ് എം 17/1509/2012(14) തീയതി 22.04.13 | 35 |
| 2001-2002 | എൽ എഫ് എം 14/138/09 തീയതി 07.05.09 | 9 |
| 2002-2003 | എൽ എഫ് എം 14/139/09 തീയതി 07.05.09 | 5 |
| 2003-2004 | എൽ എഫ് എം 14/140/09 തീയതി 07.05.09 | 11 |
| 2004-2005 | എൽ എഫ് എം 14/141/09 തീയതി 07.05.09 | 13 |
| 2005-2006 | എൽ എഫ് എം 14/1842/09 തീയതി 22.02.10 | 8 |
| 2006-2007 | എൽ എഫ് എം 18/1560(8)/10 തീയതി | 20 |
| 2007-2008 | എൽ എഫ് എം 17/213/2012 തീയതി 25.03.12 | 16 |
| 2008-2009 | എൽ എഫ് എം 17/1515/2011 തീയതി 13.06.12 | 15 |
| 2009-2010 2010-2011 | എൽ എഫ് എം 17/254/14 തീയതി 26.05.14 | 10 |
| 2011-12 & 2012-13 | | |
| 2013-14 & 2014-15 | കെ.എസ്.എ.എം. 17/2073/16 തീയതി 09.08.2016 | 12 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

## 4-10 ഓഡിറ്റ് സർട്ടിഫിക്കറ്റ്

No. KSAMPM.17/19/2017

Kerala State Audit Department.

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e - mail. dompm.ksad@kerala.gov.in

Dated.06-02-2017

CERTIFICATE

Certified that I have examined the Annual Financial Statement of Vettom Grama Panchayat for the year ended on 31.03.2016 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Vettom Grama Panchayat for the year 2015-16 subject to the observations in the Audit report, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

MALAPPURAM.

നം.കെ.എസ്.എ.എം.പി.എം.17/19/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി :06-02-2017

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 31.03.2016 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.